


# അക്കാദമിക്
# മാസ്റ്റർ പ്ലാൻ 2025 – 26

# ഉള്ളടക്കം


| | | |
|---|---|---|
| 1 | അടിസ്ഥാന വിവരങ്ങൾ | 1 |
| 2 | ആമുഖം | 2 |
| 3 | വിദ്യാലയത്തിന്റെ ലഘുചരിത്രം | 3 |
| 4 | കുട്ടികളുടെ എണ്ണം | 4 |
| 4. | എസ്.എസ്.എൽ.സി വിജയ ശതമാനം | 5 |
| 5 | ലക്ഷ്യങ്ങൾ | 6 |
| 6 | വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട് | 7 |
| 7 | മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ | 12 |
| 8 | പ്രവർത്തന പദ്ധതി വിശദാംശങ്ങൾ, മാർഗ്ഗരേഖ | 25 |
| 9 | ജൈവ വൈവിധ്യ പാർക്ക് | |
| 10 | മോണിറ്ററിങ്ങ്, ചുമതലകൾ | |
| 11 | ഉപസംഹാരം | |

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ദാറുൽ ഹിദായ ഓർഫനേജ് ഹയർസെക്കണ്ടറി സ്കൂൾ പൂക്കരത്തറ |
| വിലാസം | : | പി.ഒ. കോലളമ്പ് |
| | : | എടപ്പാൾ |
| | : | മലപ്പുറം ജില്ല 679576 |
| ഫോൺ | : | 9645522088 |
| പ്രിൻസിപ്പാൾ | : | ബെൻഷ കെ.എം<br>9496 44 51 22 |
| ഹെഡ്മാസ്റ്റർ | : | അബ്ദുൾ സലാം പി<br>9645522088 |
| സ്കൂൾകോഡ് | : | എച്ച്.എസ് - 19851<br>എച്ച്. എസ്. എസ് - 11053 |
| വിദ്യാഭ്യാസ ഉപജില്ല | : | എടപ്പാൾ |
| വിദ്യാഭ്യാസ ജില്ല | : | തിരൂർ |
| റവന്യൂ ജില്ല | : | മലപ്പുറം |
| ബി.ആർ.സി | : | എടപ്പാൾ |
| പഞ്ചായത്ത് | : | എടപ്പാൾ |
| നിയമസഭാ മണ്ഡലം | : | തവനൂർ |
| ലോകസഭാ മണ്ഡലം | : | പൊന്നാനി |
| താലൂക്ക് | : | പൊന്നാനി |
| വില്ലേജ് | : | എടപ്പാൾ |
| ഇ മെയിൽ | : | dhohss@gmail.com |
| സ്കൂൾ വിക്കി | : | dhohss |

# ആമുഖം

## വിദ്യഭ്യാസ സംരക്ഷണയജ്ഞത്തിലേക്കുള്ള സങ്കൽപനം

"ഏതു ധൂസര സങ്കൽപ്പങ്ങളിൽ വളർന്നാലും
ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വിശുദ്ധിയും
മണവും മമതയും ഇത്തിരികൊന്നപ്പൂവും"

വൈലോപ്പിള്ളിയുടെ സ്വപ്നങ്ങളും നിർദ്ദേശങ്ങളും പൂർണ്ണമായും ഉൾകൊണ്ട്കൊണ്ട് ഇടപ്പാളയം വികസനത്തിന്റെ കുതിപ്പിലൂടെ ആകാശത്തെ ചുംബിക്കാനൊരുങ്ങി എടപ്പാളായി മാറിയപ്പോഴും ഗ്രാമത്തിന്റെ വിശുദ്ധി പൂർണ്ണമായും കാത്തു സൂക്ഷിച്ചുകൊണ്ട് വികസനത്തിന്റെയും സർഗ്ഗാത്മക പ്രവർത്തനങ്ങളുടെയും പടികൾ ചവിട്ടിക്കയറി ഞങ്ങളുടേതായ ഒരു കൈയ്യൊപ്പ് മലയാളത്തിന്റെ ഭൂപടത്തിൽ ചാർത്തിയ ദാറുൽഹിദായ ഓർഫനേജ് ഹയർസെക്കന്ററി സ്കൂൾ സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞമെന്ന ഹാരത്തിൽ കണ്ണി ചേർക്കപ്പെടുകയാണ്.

പൊന്നാനി താലൂക്കിന് പൊന്നരഞ്ഞാണം ചാർത്തിയ സാംസ്കാരിക പൈതൃകത്തിന്റെ നാടായപൂക്കരത്തറ,അയിലക്കാട്,കോലളമ്പ് പ്രദേശങ്ങളാൽ ചുറ്റപ്പെട്ട് നിൽക്കുന്ന പ്രൗഢസൗധം നടന്നുപോകുന്ന വഴികൾ പോലും വിജ്ഞാനത്തിന്റെ മേച്ചിൽ പുറങ്ങളാണെന്ന ധാരണയെ അന്വർത്ഥമാക്കുന്ന പ്രകൃതിസുന്ദരമായപ്രദേശത്ത് സ്ഥിതിചെയ്യുന്ന ഡി.എച്ച്.ഒ.എച്ച്.എസ്.എസ്.പൂക്കരത്തറ ആധുനികതയുടെ ചിറകിലേറി അനന്ത വിഹായസ്സിലേക്ക് കുതിക്കാനൊരുങ്ങുകയാണ് .

വെറുമൊരു ഷെഡ്ഡിൽ 40ഓളം വിദ്യാർത്ഥികളുമായി ആരംഭിച്ച ഈ സ്കൂൾ 20 വർഷത്തിനിപ്പുറം നിന്നുനോക്കിയാൽ വികസനത്തിന്റെ കുതിച്ചുചാട്ടം നടത്തിയതായി കാണാം.പഠനരംഗത്ത് അസൂയാവഹമായ വിജയം, കലാരംഗത്ത് മികവുറ്റമികവ്,അതിനപ്പുറം മാനവികതയുടെ സൂക്ഷിപ്പുകാരായി പെയിൻ ആന്റ് പാലിയേറ്റീവ് കണ്ണി, സേവാഫണ്ട്, സേവനസന്നദ്ധരായ വിദ്യാർത്ഥികൾ, ലിംകാ ബുക്ക് ഓഫ് റെക്കോർഡ്സിൽ നേടിയ ഇടം, പരിസ്ഥിതി സൗഹൃദപാഠം അടുത്ത തലമുറക്ക് പകർന്ന് നൽകാനുള്ള മാനവികത ഉയർത്തിപിടിക്കുന്ന പ്രവർത്തനങ്ങളുടെ മുന്നൊരുക്കങ്ങൾ മുതലായവ ഞങ്ങളുടെ വിജയത്തിന്റെ ഒരു ഭാഗം മാത്രം. എടപ്പാൾ സുബ്രഹ്മണ്യൻ എന്ന കവിയുടെ വരികളിൽ നിറയുന്ന സങ്കടം

"നേരമില്ലുണ്ണിയ്ക്കു നേരമില്ലാ
നേരമ്പോക്കോതുവാൻ നേരമില്ല
മുറ്റത്തെ മാവിന്റെ കൊമ്പിലൊന്നേറുവാൻ
ഊഞ്ഞാലൊന്നാടുവാൻ നേരമില്ല"

പൂർണ്ണമായും മനസ്സിലാക്കി പഠനമികവിനുമപ്പുറം മനുഷ്യനാവുക എന്ന ലക്ഷ്യത്തിലേക്കുള്ള സർക്കാരിന്റെ വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലേക്കുള്ള ഞങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന വിദ്യാലയ വികസനസമഗ്ര രേഖ സന്തോഷത്തോടെ, പ്രതീക്ഷയോടെ സമർപ്പിക്കുന്നു.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

ഒരു ഹൈസ്കൂൾ പോലുമില്ലാത്ത എടപ്പാൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കനുഗ്രഹമായി 1995 ൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രിയും ഈ പ്രദേശത്തെ എം.എൽ.എയുമായിരുന്ന ശ്രീ. ഇ.ടി.മുഹമ്മദ് ബഷീർ ഒരു എയ്ഡഡ് സ്കൂൾ അനുവദിക്കുന്നു. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിപ്പോരുന്ന-P T M O A (Ponnani Taluk Muslim Orphanage Association) യുടെ ഉടമസ്ഥതയിലുള്ള പൂക്കരത്തറ ദാറുൽ ഹിദായ ഓർഫനേജ് ഹയർ സെക്കണ്ടറി സ്കൂൾ രൂപപ്പെടുന്നത് ഇങ്ങിനെയാണ്. നിരവധി അനാഥ വിദ്യാർത്ഥികൾക്ക് അഭയം നൽകി പോരുന്ന ദാറുൽ ഹിദായയുടെ ശിൽപ്പിയായി പ്രവർത്തിച്ചത് മർഹൂം കെ.വി മുഹമ്മദ് മുസ്ലിയാർ കൂറ്റനാട്ട് അവർകളായിരുന്നു. വിജ്ഞാനത്തിലൂടെ, വിവേകത്തിലൂടെ, വിശുദ്ധിയിലേക്ക്... എന്ന അദ്ദേഹത്തിന്റെ സങ്കൽപ്പമാണ് ദാറുൽ ഹിദായ സ്ഥാപനങ്ങളെ ഇന്നും നയിക്കുന്നത്. P T M O A ജനറൽ സെക്രട്ടറി പി.വി. മുഹമ്മദ് മൗലവി, ട്രഷറർ കെ.വി. മുഹമ്മദ് ഹാജി അയിലക്കാട് തുടങ്ങിയവർ സ്കൂൾ സ്ഥാപിക്കുന്നതിന് നേതൃത്വം നൽകി. കെ.വി. ഉസ്താദിന്റെ മരണാനന്തരം കെ.വി. മുഹമ്മദ് ഹാജി അയിലക്കാടാണ് പുതിയ മാനേജരായി സേവനം അനുഷ്ഠിക്കുന്നത്.

എടപ്പാളിൽ നിന്ന് മൂന്ന് കിലോമീറ്റർ മാറി പുത്തൻപള്ളി റോഡിൽ പൂക്കരത്തറ പ്രദേശത്താണ് 1995 ജൂൺ 20 ന് 40 കുട്ടികളുമായി എട്ടാം ക്ലാസ് ആരംഭിച്ചത്. അതുവരെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി മൈലുകൾ താണ്ടിയിരുന്ന എടപ്പാൾ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ഈ വിദ്യാലയം വലിയൊരു അനുഗ്രഹമായി. 1998 ൽ ഈ വിദ്യാലയം ഹയർസെക്കണ്ടറിയായി ഉയർത്തപ്പെട്ടു. ഇന്നൊരു വ്യാഴവട്ടക്കാലം പിന്നിടുമ്പോൾ ഈ വിദ്യാലയം സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് വിഷയങ്ങളിൽ ഈരണ്ട് ബാച്ചുകളിലായി 1000 തോളം വിദ്യാർത്ഥികൾ ഹയർസെക്കണ്ടറി തലത്തിലും 38 ഡിവിഷനുകളിലായി 1800 ഓളം വിദ്യാർത്ഥികൾ ഹൈസ്കൂൾ തലത്തിലും ഇവിടെ അധ്യയനം നടത്തുന്നു. 95 ഓളം അധ്യാപക ജീവനക്കാരും പത്തോളം അനധ്യാപക ജീവനക്കാരും ഇന്നിവിടെ ജോലിചെയ്തുവരുന്നു. ഈ അംഗബലത്തിൽ നിന്നും ഈ വിദ്യാലയത്തിന്റെ പ്രസക്തിയും വ്യാപ്തിയും വ്യക്തമാകുന്നു. 2003 ൽ ഇതേ ക്യാമ്പസിൽ ആരംഭിച്ച ആർട്സ് & സയൻസ് കോളേജും ഈ പ്രദേശത്തിന്റെ അഭിമാനമായി മാറിക്കഴിഞ്ഞു. 2005 മുതൽ ഹൈസ്കൂൾ തലത്തിൽ 23 ഇംഗ്ലീഷ് മീഡിയം ബാച്ചും നടത്തപ്പെടുന്നു.

മലപ്പുറത്തിന്റെ സാംസ്കാരിക ഭൂമികയിൽ വളരെ അപ്രസക്തമായിരുന്ന പൂക്കരത്തറ പ്രദേശം 1995 കൾക്കുശേഷം മലപ്പുറം ജില്ലയുടെ വിദ്യാഭ്യാസ ഭൂമികയിൽ സ്ഥാനം പിടിച്ചത് ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരിലാണ്. ഇന്ന് ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തി ഉന്നത വിജയം നേടുന്ന ജില്ലയിലെ വിദ്യാലയങ്ങളിലൊന്നാണിത്. കഴിഞ്ഞ വർഷം എസ് എസ് എൽ സി ക്ക് 100% വും ഹയർസെക്കണ്ടറിക്ക് 80% വും വിജയം ഈ വിദ്യാലയം കൈവരിച്ചിട്ടുണ്ട്. 1997 മുതൽ എടപ്പാൾ ഉപജില്ലാ കലോത്സവങ്ങളിൽ കിരീടം നാല് തവണ ഒഴികെ ഈ വിദ്യാലയത്തെ തേടിയെത്തിയിട്ടുണ്ട്.

ഈ വർഷം സംസ്ഥാന കലോത്സവത്തിൽ ഹൈസ്കൂൾ & ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി 30 വിദ്യാർത്ഥികൾക്ക് എ ഗ്രേഡുകൾ ഈ വിദ്യാലയത്തിന് ലഭിച്ചിട്ടുണ്ട്. NMMS പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥികളുടെ ഒരു ശൃംഖലതന്നെ ഈ വിദ്യാലയത്തിലുണ്ട്. പാവപ്പെട്ടവിദ്യാർത്ഥികളുടെ പഠനത്തിനും ചികിത്സക്കുമായി 'സേവ' എന്ന പേരിൽ ഒരു ചാരിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിലേക്കുള്ള ധനസഹായം അധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നുമായി സ്വരൂപിച്ചുവരുന്നു.

| കുട്ടികളുടെ എണ്ണം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| CLASS | | | | | | | | | | |
| | | VIII | | IX | | X | | TOTAL | | |
| SL. NO | YEAR | BOYS | GIRLS | BOYS | GIRLS | BOYS | GIRLS | BOYS | GIRLS | GRAND TOTAL |
| 1 | 2024-25 | 342 | 303 | 313 | 347 | 292 | 206 | 947 | 866 | 1813 |
| 2 | 2025-26 | 307 | 296 | 351 | 307 | 214 | 351 | 972 | 954 | 1926 |

# എസ്.എസ്.എൽ.സി
# വിജയ ശതമാനം

| വർഷം | വിജയ ശതമാനം |
|---|---|
| 2022 - 23 | 100% |
| 2023 - 24 | 100% |
| 2024 - 25 | 99% |

# ലക്ഷ്യങ്ങൾ

1. പി.ടി.എ സ്കൂൾ വികസന സമിതി , മാനേജ്മെന്റ് എന്നിവരുടെ സഹകരണത്തോടെ 5 വർഷക്കാലം കൊണ്ട് വിദ്യാലയത്തെ മികച്ച വിദ്യാലയമാക്കി മാറ്റും.
2. എല്ലാ വിദ്യാർത്ഥികളെയും സാമൂഹികമായും വിദ്യഭ്യാസപരമായും മികച്ചവരാക്കി മാറ്റുന്ന രീതിയിൽ പഠനത്തെ മാറ്റിയെടുക്കും.
3. മതനിരപേക്ഷവും ജനാധിപത്യമൂല്യങ്ങൾ ഉയർത്തുന്നതുമായ രീതിയിൽ വിദ്യാർഥികളെ വളർത്തികൊണ്ടു വരും.
4. വിദ്യാർത്ഥികളുടെ വർദ്ധനവിനനുസരിച്ച് ക്ലാസ്സ് റൂമുകളുടെ അപര്യാപ്തത പരിഹരിക്കും.
5. പഠനം സർഗ്ഗാത്മകവും രസകരവുമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തും.
6. പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഓരോ വിഭാഗക്കാർക്കും അനുസരിച്ച രീതിയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
7. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
8. ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും ഹൈസ്കൂൾ കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കും.
9. കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികപരവും, കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ പൗരൻമാരെ വളർത്തലും.
10. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും, വായിക്കാനും, എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
11. ഈ ലക്ഷ്യങ്ങളെല്ലാം കൈവരിക്കുന്നതിന് രക്ഷിതാക്കളുടെ പങ്ക് ഉറപ്പാക്കും.

## നിലവിലെ അവസ്ഥ

പുതിയ കാലത്ത് സമൂഹത്തിന്റെ കൈത്താങ്ങോടെ വിദ്യാർത്ഥികളെ അവരുടെ മാനസികമായ അഭിരുചിക്കനുസരിച്ച് വളർത്തിക്കൊണ്ട് വരേണ്ടത് എങ്ങനെയാണോ അത്തരത്തിലുള്ള പ്രവർത്തനരീതിയാണ് വിദ്യാലയം പിന്തുടരുന്നത്. നേട്ടങ്ങളുടെ ചില അടയാളപ്പെടുത്തലുകൾ...

- ശാസ്ത്രമേഖല
- ആരോഗ്യകായിക മേഖല
- സർഗ്ഗാത്മക മേഖല
- അക്കാദമിക മേഖല
- ഭൗതിക സാഹചര്യങ്ങൾ
- ഹൈടെക്ക് പഠനസംവിധാനം
- ദിനാചരണങ്ങൾ
- സാമ്പത്തിക സ്രോതസ്സ്
- സംസ്കാരം

### ശാസ്ത്രമേഖല

ശാസ്ത്രം ഇന്ന് എല്ലാ മേഖലകളിലും ദ്രുത ഗതിയിൽ വളർച്ചനേടിയ ഒരു കാലഘട്ടത്തിലാണ് നാം എത്തിനിൽക്കുന്നത്. തീർച്ചയായും കുട്ടികളെ അന്ധവിശ്വാസത്തിന്റെ അന്ധകാരത്തിൽ നിന്നു പുറത്തുകൊണ്ടുവരത്തക്ക പ്രവർത്തനങ്ങളാണ് ഞങ്ങൾ കാഴ്ചവക്കുന്നത്. അതുകൊണ്ട് തന്നെ ശാസ്ത്രമേഖലയിൽ വളരെയധികം പ്രതിഭകളെ വാർത്തെടുത്ത ഒരു വിദ്യാലയമാണ് ഞങ്ങളുടേത്.

ഉപജില്ലാ ശാസ്ത്രമേളയിൽ Improvised Experiment ൽ Ist A Grade, Research Type Project ൽ IInd A Grade, Working Model ലിൽ IIIrd A Grade, Still Model ലിൽ IIIrd A Grade, Talent Search, Science Quiz എന്നിവയിൽ ഒന്നാം സ്ഥാനം, സി.വി രാമൻ ഉപന്യാസ മത്സരം IInd A ഗ്രേഡ് എന്നിവ നേടിയ വിദ്യാർത്ഥികൾ ജില്ലാ തലത്തിലും മികച്ച പ്രകടനം കാഴ്ചവച്ചു. സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നിരവധി ബോധവൽക്കരണ ക്ലാസ്സുകൾ നടന്നു. ലഹരി വിരുദ്ധ ബോധവൽക്കരണം, രക്തദാന സന്ദേശം, ഡങ്കിപ്പനി ബോധവൽക്കരണം, ചാന്ദ്രദിനം, പരിസ്ഥിതി ദിനം എന്നിവ വിപുലമായ രീതിയിൽ സംഘടിപ്പിച്ചു.

## അടുത്ത 2 വർഷത്തേക്കുള്ള പദ്ധതികൾ

1. ലാബ് ശാക്തീകരണം - ഓരോ കുട്ടിക്കും പരീക്ഷണം ചെയ്യത്തക്കവിധം എല്ലാ സൗകര്യങ്ങളോടും കൂടിയ ഫിസിക്സ്, കെമിസ്ട്രി, ബയോളജി ലാബുകൾ.
2. Improvised Experiment Competitions - കുട്ടികൾക്ക് കഴിയുന്ന വിധം പാഠപുസ്തകങ്ങളിൽ പറഞ്ഞ പരീക്ഷണങ്ങൾ സ്വയം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കൽ.
3. വിവിധ ശാസ്ത്ര പരീക്ഷകൾ - Inculcate, Science Talent Search Examination, മറ്റു സ്കോളർഷിപ്പ് പരീക്ഷകൾക്ക് തയ്യാറാക്കൽ.
4. ശാസ്ത്രമേള - ആവശ്യമായ Working Model, Still Model, Project, Experiment എന്നിവ ചെയ്യുവാനുള്ള സാഹചര്യം ഒരുക്കൽ.
5. ഉപന്യാസ രചന, ക്വിസ് എന്നീ മത്സരങ്ങൾ സംഘടിപ്പിക്കൽ.
6. പഠനയാത്ര - ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കുള്ള പഠനയാത്രകൾ.
7. ശാസ്ത്ര ലൈബ്രറി.
8. സയൻസ്.
9. സയൻസ് കോർണർ സജ്ജീകരിക്കൽ.

## ■ ആരോഗ്യകായിക മേഖല

ആധുനിക സമൂഹം ഏറ്റവും പ്രാധാന്യത്തോടെ പരിഗണിക്കേണ്ട മേഖലയാണ് ആരോഗ്യ-കായിക വിദ്യാഭ്യാസം. മാറിയ ജീവിതശൈലി നമ്മെ വളരെ വലിയ വിപത്തിലേക്കാണ് എത്തിച്ചിരിക്കുന്നത്. അതിൽ നിന്നും രക്ഷപ്പെടാൻ കായിക പ്രവർത്തനങ്ങളിൽ സ്ഥിരമായി ഏർപ്പെടുന്നതു മൂലം സാധിക്കും.

### ലക്ഷ്യം

കുട്ടികളിലെ കായികവും, ശാരീരികവും, മാനസികവുമായ കഴിവുകളുടെ സമ്പൂർണ്ണ വികാസം. എല്ലാകുട്ടികൾക്കും കായിക ക്ഷമത ഉറപ്പാക്കൽ, അന്തർദേശീയ കായികമത്സരങ്ങളിൽ പങ്കെടുക്കാൻ വിദ്യാർത്ഥികളെപ്രാപ്തരാക്കൽ.

### പ്രവർത്തനങ്ങൾ

കായികക്ഷമത ഉപകരണങ്ങൾ സ്ഥാപിക്കൽ, കായികപരിശീലനം നടത്തുന്നതിന് ആവശ്യമായ ഗ്രൗണ്ട്, വിവിധവ്യായാമ മുറകളിൽ പരിശീലനം, യോഗ, എയ്റോബിക്സ് പരിശീലനം, വിവിധ ഇനം ഗെയിംസ്-ഷട്ടിൽ, ബാൾ ബാറ്റ്മിന്റൺ, ഫുട്ബോൾ, കബഡി, ക്രിക്കറ്റ്, വോളിബോൾ എന്നിവയിൽ പരിശീലനം. അത്‌ലറ്റിക്സ്. നീന്തൽ പരിശീലനങ്ങൾ, കുട്ടികളിൽ കായിക അഭിരുചി വളർത്തുന്നതിന് വേണ്ടിയുള്ള സ്മാർട്ട് ക്ലാസ്റൂമുകളുടെ ലഭ്യത, മുതലായവ.

### ശുചിത്വം-ലക്ഷ്യങ്ങൾ

എല്ലാകുട്ടികൾക്കും സമ്പൂർണ്ണമായആരോഗ്യം ഉറപ്പുവരുത്തുന്നതിനും അസുഖങ്ങളില്ലാത്ത ഒരു പുതുതലമുറയെ വാർത്തെടുക്കുന്നതിനുമുള്ള നിരവധി പ്രവർത്തനങ്ങൾക്കുള്ള തുടക്കം കുറിക്കൽ. പരിസരമലിനീകരണം തടയുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കലും നടപ്പിലാക്കലും. പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് എന്ന ലക്ഷ്യം ഉറപ്പുവരുത്തൽ.

### പ്രവർത്തനങ്ങൾ-വ്യക്തി ശുചിത്വം

ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. അതുകൊണ്ട് വ്യക്തി-ശുചിത്വ മാർഗ്ഗങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കേണ്ടത് ആവശ്യമാണ്. കുട്ടികളുടെ ദിനചര്യകളിൽ വ്യക്തിശുചിത്വം പരിപാലിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് അവബോധം കൊടുക്കൽ, ഇതിന് ക്ലാസ് പി ടി എകളിൽ രക്ഷിതാക്കളെബോധവൽക്കരിക്കൽ.

## ■ സർഗ്ഗാത്മക മേഖല

ക്ലാസ് മാസിക : ഓരോ ക്ലാസിനും ഓരോന്ന് വീതം

സാഹിത്യ ക്യാമ്പുകൾ : സ്കൂളിലെ സാഹിത്യകാരന്മാരായ അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട്

പത്ര പ്രസിദ്ധീകരണം : വർഷത്തിൽ ഒന്ന്.

കുട്ടികളുടെ സിനിമ നിർമാണം, കുട്ടികൾ അഭിനയിച്ച ടെലിഫിലിം,കുട്ടികൾക്ക് നാടകപരിശീലന ക്യാമ്പ്, കാർഷിക പാരിസ്ഥിതിക പ്രവർത്തനങ്ങൾ, കുട്ടികളുടെ കവിയരങ്ങ്, സാംസ്കാരിക സദസ്സ്,സെമിനാർ, കുട്ടികളിൽ മാനുഷിക മൂല്യവും നേതൃപാടവവും വർദ്ധിപ്പിക്കാൻ എൻ.സി.സി ക്യാമ്പ്, ജൂനിയർ റെഡ് ക്രോസ്, സ്കൗട്ട് ആന്റ് ഗൈഡ് യൂണിറ്റ്. ഹയർസെക്കണ്ടറി വിദ്യാർത്ഥികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് അസാപ് എന്നിവ വിദ്യാലയത്തിൽ സജീവമായി പ്രവർത്തിക്കുന്നു.വർഷങ്ങളായി കലാമേള ശാസ്ത്രമേള എന്നീ മേഖല കളിൽ സബ്ജില്ലയിൽ ആധിപത്യം ഉറപ്പിച്ചു. 33 വിദ്യാർത്ഥികളെ സംസ്ഥാന കലാമേളയിൽ പങ്കെടുപ്പിച്ച് വിദ്യാലയത്തിന്റെ നാമം സംസ്ഥാനതലത്തിൽ എഴുതിചേർത്തു. ഇപ്പോഴും പല ഇനങ്ങളിലും ധാരാളം കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്കൂളിന്റെ പേര് നിലനിർത്തിപ്പോരുന്നു.

**കലാപഠനം**

സർഗ്ഗാത്മകത,നിരീക്ഷണപാടവം,ആസ്വാദനം തുടങ്ങിയവ കുട്ടികളിൽ വളർത്താൻ കലാപഠനം അത്യന്താപേക്ഷിതമാണ്.പുതിയ പാഠ്യപദ്ധതി സമീപനത്തിൽ പൊതുവിഷയങ്ങൾക്കൊപ്പം പ്രധാന്യം കലാപഠനത്തിനുമുണ്ട്.സ്കൂൾ പാഠ്യപദ്ധതിയിൽ കലാപഠനത്തിന് ചിത്രം,സംഗീതം,അഭിനയം,നൃത്തം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## ■ അക്കാദമിക മേഖല

അക്കാദമിക മേഖലയുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.അതിന്റെ ഭാഗമായി ജൂൺ മാസം മുതൽ തന്നെ മോർണിംഗ്, ഈവനിംഗ് അധിക ക്ലാസുകൾ നടത്തി. എല്ലാ ക്ലാസിലും ഇയർ പ്ലാൻ (എല്ലാ വിഷയത്തിന്റെയും) അനുസരിച്ചുതന്നെയാണ് ക്ലാസുകൾ നടന്നുവരുന്നത്.എല്ലാ ക്ലാസുകളിലും ക്ലാസ് ഡയറി ഏർപ്പെടുത്തി. ജൂൺ മാസത്തിൽ തന്നെ ക്ലാസ് ടെസ്റ്റ് നടത്തി രക്ഷാകർതൃസംഗമം ചേരുകയുമുണ്ടായി.പിന്നീട് നടത്തിയ Midterm പരീക്ഷയിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ ദിവസവും 3.30 മുതൽ 4.15 വരെ പ്രത്യേക ക്ലാസ് നടത്തി. സെപ്തംബർ മാസത്തോടെ മുഴുവൻ കുട്ടികൾക്കുമായി മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിച്ചു. പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷാകർതൃസംഗമം നടത്തി. അതുപോലെ തന്നെ പരമാവധി കുട്ടികളുടെ ഗൃഹ സന്ദർശനവും നടത്തി. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ദത്തെടുക്കുന്ന ഒരു രീതി നടപ്പിൽ വരുത്തി.ഡിസംബർ മാസത്തോടുകൂടി പത്താം തരത്തിലെ മുഴുവൻ പാഠഭാഗവും പൂർത്തീകരിച്ച് 2023 ജനുവരി 4-ാം തിയ്യതി മുതൽ ടെസ്റ്റ് സീരീസ് ആരംഭിച്ചു. അതിനുശേഷം A+ ക്ലാസ് രൂപീകരിച്ച് പ്രത്യേക പരിശീലന ക്ലാസ് നടത്തി വരുന്നു.8,9,10 ക്ലാസുകളിൽ വിജയഭേരി പ്രവർത്തനം നടത്തിവരുന്നു.

## ■ ഭൗതിക സാഹചര്യങ്ങൾ

2023 -24 അധ്യായന വർഷം കേരള വിദ്യാഭ്യാസ രംഗത്ത് കാതലായ നിരവധി മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു കൊണ്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി വിദ്യാലയ വികസന സമിതി രൂപീകരിച്ചു കഴിഞ്ഞു. ഇതുവരെയായി 31 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി. 7 എണ്ണം ഹൈടെക് ആക്കേണ്ടതുണ്ട്.

## ഹൈടെക് വൽക്കരണത്തിനുള്ള സൗകര്യങ്ങൾ

- വയറിംഗ്, ഗ്രാനൈറ്റ്
- വിർച്വൽ ബോർഡ്
- ഷെൽഫുകൾ
- ഫാൻ, ലൈറ്റ്, സി.സി.ടിവി
- ഡ്രിങ്കിംഗ് വാട്ടർ (എല്ലാ ക്ലാസുകളിലും)
- ക്ലാസ്സ് റൂം ലൈബ്രറി, ഇ-ബുക്ക്, ലാപ് ടോപ് സജ്ജീകരിക്കും.
- നവീകരിച്ച ഓഫീസ്, സ്റ്റാഫ് റൂം, ഷീ-ടോയ്‌ലറ്റ്, ഇ-ടോയ്‌ലറ്റ്, വർക്ക് എക്സ്പീരിയൻസ് ഹോൾ, ക്രാഫ്റ്റ്, ഫൈൻ ആർട്സ്, സ്പോർട്സ്, ജിംനേഷ്യം, ക്രിക്കറ്റ് അക്കാദമി, മ്യൂസിക് എന്നിവക്ക് പ്രത്യേക റൂമുകൾ നിർമ്മിക്കുക.
- വിദ്യാലയത്തിന്റെ പൊതുവിവരത്തെ പറ്റി പബ്ലിക് നോട്ടീസ് ബോർഡ് സ്ഥാപിക്കുക.
- റൂട്ട് മാപ്പ് (ബ്ലോക്ക് തിരിച്ച്) ഡിജിറ്റൽ നോട്ടീസ് ബോർഡ്, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സജ്ജമാക്കൽ.
- ഓപ്പൺ ഓഡിറ്റോറിയം, ഭിന്ന ശേഷിക്കാർക്കു വേണ്ടിയുള്ള റാംപ് എന്നിവ പണി പൂർത്തീകരിച്ചു.
- വിദ്യാലയത്തിലേക്കുള്ള വിശാലമായ റോഡിന്റെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

### ■ ഹൈടെക് പഠനസംവിധാനം

ലക്ഷ്യം

1. കുട്ടിയെ അന്താരാഷ്ട്ര നിലവാരമുള്ള പഠനത്തിന് സഹായിക്കൽ
2. ഡിജിറ്റൽ ക്ലാസ്സ് റൂമുകൾ ( മുഴുവൻ ക്ലാസ്സ് റൂമുകളും ഡിജിറ്റലൈസ് ചെയ്യൽ)
3. ഹോം തിയ്യേറ്റർ
4. വീഡിയോ കോൺഫറൻസ് സൗകര്യം
5. സമഗ്ര പോർട്ടൽ
6. ഓഡിയോ , വീഡിയോ സീഡികൾ
7. ഇ - ലൈബ്രറി (എല്ലാ ക്ലാസ്സിലും പഠനസഹായത്തിനുള്ള വീഡിയോ, ഓഡിയോ സിഡികൾ, മറ്റ് സംവിധാനങ്ങൾ)
8. ഇ–ലേണിങ് സംവിധാനം
9. ഡിജിറ്റൽ റഫറൻസ് പുസ്തകങ്ങൾ
10. വൈഫൈ കണക്ഷൻ
11. വയർലസ് ബോർഡ്

### ■ ദിനാചരണങ്ങൾ

ലക്ഷ്യം

വിവിധ ശേഷികളുടെ വികസനം, ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി യിൽ രൂപപ്പെടുത്തുന്നു. ദിനാചരണങ്ങൾക്ക് മാത്രമായി ഒരു കലണ്ടർ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. വർഷത്തിൽ ഒരു വിഷയവുമായി ബന്ധപ്പെട്ട് മെഗാ ക്വിസ്സ് സംഘടിപ്പിക്കും. വായനാ മത്സരങ്ങൾ, പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവത്ക്ക

ണ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കും. ഒക്ടോബർ 2 ഗാന്ധിജയന്തിയോടനുബന്ധിച്ച് ശുചിത്വ വാരാചരണം, സ്കൂളും പരിസരവും വൃത്തിയാക്കൽ, ആരോഗ്യപ്രവർത്തകർ നയിക്കുന്ന ബോധവൽക്കരണ ക്ലാസ്സ്, കേരളപ്പിറവി ദിനത്തിൽ കേരളത്തിന്റെ തനതായ കലകൾ പരിചയപ്പെടുത്തൽ തുടങ്ങിയ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും. വിവിധ ഭാഷാദിനങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും.

### ■ സാമ്പത്തിക സ്രോതസ്സ്

എം.പി, എം.എൽ.എ, പഞ്ചായത്ത്, ആർ.എം.എസ്.എ, എസ്.എസ്.എ, മാനേജ്മെന്റ്, പൂർവ്വവിദ്യാർത്ഥികൾ, വിദ്യാലയ വികസന സമിതി, പി.ടി.എ, പരസ്യങ്ങൾ എന്നിവയിലൂടെ ആവശ്യമായ ഫണ്ട് കണ്ടെത്തും.

### ■ സംസ്കാരം

നാടിന്റെ സംസ്കാരം കുട്ടികളുടെ ജീവവായുവാണ്. ആ ജീവവായുവിന് ഊർജ്ജം പകരുന്ന തരത്തിലായിരിക്കണം വിദ്യാഭ്യാസം. നാടിന്റ സംസ്കാരം പൂർണ്ണമായി ഉൾക്കൊണ്ട് അതിനെ ബലപ്പെടുത്തുന്ന പദ്ധതികളാണ് നമുക്ക് വേണ്ടത്. ഒരു പ്രദേശത്തിന്റെ നാഡീ ഞെരമ്പുകളാണ് പഴയ തലമുറയിൽപ്പെട്ട ആളുകളും നമ്മുടെ കർഷകരും. അവരെ ആദരിക്കുകയും, ബഹുമാനിക്കുകയും, അവരിൽ നിന്നും കാര്യങ്ങൾ ഗ്രഹിക്കുകയും വേണം. അവരെ സ്കൂളിലേക്ക് കൊണ്ടുവരികയും നാട്ടറിവുകൾ വിദ്യാർത്ഥികൾക്ക് കൈമാറാനുള്ള അവസരമൊരുക്കുകയും വേണം.

സ്കൂളിലെ ഹരിത ക്ലബുമായി ബന്ധപ്പെടുത്തി കർഷകരുമായുള്ള കൂട്ടായ്മ രൂപീകരിക്കുകയും, വിദ്യാർത്ഥികൾക്ക് അവരുമായി ആശയ വിനിമയം നടത്താനുള്ള അവസരമൊരുക്കുകയും വേണം. അതിലൂടെ ഒരു കാർഷിക സംസ്കാരം തിരികെ കൊണ്ടുവരുന്നതാണ്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വിദ്യാരംഗം കലാസാഹിത്യ വേദി

വിദ്യാർത്ഥികളിലെ സർഗ്ഗവാസന പരിപോഷിപ്പിക്കുന്നതിനായി രൂപം കൊടുത്ത ഡി.എച്ച്.ഒ.എച്ച്.എസ്.എസ്.പൂക്കരത്തറയിലെ വിദ്യാരംഗം കലാസാഹിത്യ വേദി മികച്ച പ്രവർത്തനങ്ങളാണ് ഒരുക്കുന്നത്. വർഷംതോറും സംഘടിപ്പിക്കാറുള്ള ശിൽപ്പശാലകൾ,കഥ,കവിത,നാടൻപാട്ട് തുടങ്ങിയ മേഖലകളിലെ ശിൽപ്പശാലകൾ ഏറെ വിജ്ഞാനപ്രദവും ആനന്ദകരവും പ്രയോജനപ്രദവുമാണ്.എഴുത്തുകൂട്ടം, വായനക്കൂട്ടം ശിൽപ്പശാലകളിലൂടെ നിരവധി വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിലെ സർഗ പ്രതിഭകളായിട്ടുണ്ട്. മലയാള ക്ലബിന്റെ ആഭിമുഖ്യത്തിൽ പഠനയാത്രകൾ നടത്തിവരുന്നു. യാത്രാവിവരണങ്ങളുടെ ഒരു പതിപ്പ് പ്രകാശനവും ഉണ്ടായി. പ്രിന്റഡ് മാഗസിൻ, പത്രങ്ങൾ എന്നിവയുടെ നിർമ്മാണവും പ്രദർശനവും ഈ വിദ്യാലയത്തിൽ നടന്നുവരുന്നു.

വിദ്യാരംഗത്തിന്റെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കാൻ വിഷൻ എന്ന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ മാസവും പ്രിന്റ് ചെയ്ത് വിതരണം ചെയ്യാവുന്ന ലിറ്റിൽ മാഗസിൻ, ഹ്രസ്വചിത്രം, വിവിധ ശിൽപശാലകൾ, സാംസ്കാരിക നായകൻമാരുമായി അഭിമുഖങ്ങൾ എന്നീ പ്രവർത്തനങ്ങളും കാര്യക്ഷമമായി ചെയ്യാൻ ഉദ്ദേശിക്കുന്നു.

### വായനോത്സവം

**എഴുത്തുകൂട്ടം**

ലക്ഷ്യം കുട്ടിയെ മികച്ച എഴുത്തുകാരനാക്കൽ.

**പ്രവർത്തനങ്ങൾ**

ഓണപ്പതിപ്പുകൾ (മലയാളം), സ്വന്തം രചനാമൂല ക്ലാസ്സിൽ, ചുമർ പത്രിക, അമ്മ എഴുത്തുകൾ (അമ്മമാരുടെ രചനകളുടെ ശേഖരം), എന്റെ പുസ്തകം വൃത്തിയുള്ള പുസ്തകം (മികച്ച നോട്ട് പുസ്തകത്തിന് സമ്മാനം), എന്റെ കുട്ടിക്കൊരു കത്ത് (കാർഡ്, ഇൻലന്റ്, കവർ മുഖേന കുട്ടിക്ക് ഒരു കത്തെഴുതൽ). അവതരണ ദിനം (സ്വന്തം രചനകൾ ക്ലാസ്സിൽ അവതരിപ്പിക്കൽ), സ്വന്തം പതിപ്പുകൾ, ദിനാചരണ മാഗസിൻ,മാസം ഒരുപത്രം, ഇൻലന്റ് മാഗസിൻ.

ഇംഗ്ലീഷ് വിഭാഗത്തിന് സ്പെല്ലിംഗ് ബീ പ്രോഗ്രാം സംഘടിപ്പിക്കും. കൂട്ടുകാരോടൊപ്പം ചേർന്ന് പുതിയ വാക്കുകൾ പഠിക്കാൻ മത്സരം സംഘടിപ്പിക്കുന്നു. കഥയരങ്ങ്,കവിയരങ്ങ്, രചനാശിൽപ്പശലകൾ എന്നിവ സംഘടിപ്പിക്കും.കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ, നാടകകളരി, പാഠഭാഗവുമായി ബന്ധപ്പെട്ട നാടകരൂപീകരണം, വ്യാകരണത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള ക്ലാസുകൾ സംഘടിപ്പിക്കൽ, മുതലായവ.

സ്കൂൾ ഒരു പഠനോപകരണം എന്ന ആശയം ഉൾകൊണ്ട് വാക്കുകൾ ക്ലാസ്മുറികളിലും സ്കൂൾ പരിസരത്തുംചിത്രങ്ങളോടൊപ്പം പ്രദർശിപ്പിക്കും.ഭാഷകളികൾ, നിഘണ്ടു നിർമാണം, സ്പെല്ലിംഗ് റെയ്സ് എന്നിവ സംഘടിപ്പിക്കും.ചിത്രങ്ങൾ കാണിച്ച് വാക്കുകൾ ഉണ്ടാക്കാൻ പഠിപ്പിക്കും.വിവിധ ഭാഷകളിലെ നാടകങ്ങൾ, റോൾ പ്ലേ, മൈമുകൾ എന്നിവ പ്രചരിപ്പിക്കും.

**എല്ലാ ദിവസവും ക്ലാസ് അസംബ്ലി**

ഇപ്പോൾ എല്ലാദിവസങ്ങളിലും ക്ലാസ് അസംബ്ലികൾ സംഘടിപ്പിക്കുന്നുണ്ട്. മലയാളം അസംബ്ലിഇംഗ്ലീഷ്അസംബ്ലിഹിന്ദിഅസംബ്ലിഎന്നരീതിയിൽസംഘടിപ്പിക്കുംപത്രവായനചിന്താവിഷയം എന്നിവ ചർച്ചചെയ്യും. ശുചിത്വം ആരോഗ്യം,അച്ചടക്കം എന്നീ കാര്യങ്ങളിൽ അധ്യാപകർ നിർദ്ദേശങ്ങൾ നൽകും.

**അറബിക് ക്ലബ്ബ്**

അറബിഭാഷ വിദ്യാർത്ഥികൾക്ക് എളുപ്പമാകുന്നതിന് വേണ്ടി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു. ഇത് മൂലം വിദ്യാർത്ഥികൾക്ക് അവരുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുവാനും ഭാഷാപരമായ വികസനത്തിനു സാധിക്കുന്നു.

**ക്ലബ്ബ് പ്രവർത്തനങ്ങൾ**

- ഓരോ മാസത്തിലെയും പ്രധാനപ്പെട്ട ദിനാചരണങ്ങൾ നടത്തപ്പെടുന്നു. ഇതിന്റെ ഭാഗമായി ക്വിസ്, ലേഖനം, പ്രസംഗം, കഥ, കവിത, പോസ്റ്റർ എന്നീ മത്സരങ്ങൾ നടത്തുന്നു.
- അറബി സാഹിത്യോത്സവ മത്സരം നടത്തൽ.
- ആഗസ്റ്റ് 30 അറബി കവി നജീബ് മഹ്ഫൂള് ദിനം ആചരിക്കുന്നു.
- ഡിസംബർ 18 അന്താരാഷ്ട്ര അറബിക്ദിനം ആചരിക്കുന്നു.
- അധ്യാപകദിനത്തിൽ മിടുക്കരായ വിദ്യാർത്ഥികളെകൊണ്ട് ക്ലാസ് എടുപ്പിക്കുന്നു.
- ലോക സാക്ഷരതാദിനം ആഘോഷിക്കുന്നു.
- ലോക വൃദ്ധദിനത്തോടനുബന്ധിച്ച് വൃദ്ധസദനം സന്ദർശിക്കൽ.

**സംസ്കൃത ക്ലബ്**

സംസ്കൃത ക്ലബിന്റെ നേതൃത്വത്തിൽ വളരെ നല്ല പ്രവർത്തനങ്ങളാണ് നടക്കുന്നത്. പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് "പരിസ്ഥിതിയെ സംരക്ഷിക്കൂ, പ്ലാസ്റ്റിക്കിനെ അകറ്റൂ" എന്ന വിഷയവുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമ്മിച്ചു.
പരിസ്ഥിതിയുടെ മഹത്വത്തെ വിളിച്ചോതുന്ന സുഭാഷിതങ്ങൾ പ്രദർശിപ്പിക്കുന്നു. വായനാദിനവുമായി ബന്ധപ്പെട്ട്
"വായിച്ചു വളരുക" എന്ന സന്ദേശവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മിക്കുന്നു, സംസ്കൃത വായന മത്സരം നടത്തുന്നു.
മികച്ച പ്രകടനം കാഴ്ച വെക്കുന്ന വിദ്യാർത്ഥികൾക്ക് ക്ലബിന്റെ നേതൃത്വത്തിൽ സമ്മാനങ്ങൾ നൽകുന്നു.അന്താരാഷ്ട്രയോഗദിനത്തോട് അനുബന്ധിച്ച് യോഗയുടെ പ്രാധാന്യത്തെ പറ്റിയും, ദിവസവും യോഗ ചെയ്യുന്നതിന്റെ ഗുണങ്ങളും വിശദീകരിച്ചുകൊണ്ട് ക്ലാസെടുക്കുന്നു. കുട്ടികൾക്ക് ചെയ്യാവുന്ന ചെറിയ യോഗാസനങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യുന്നു. സംസ്കൃതദിനമായി ആഘോഷിക്കുന്ന ശ്രാവണപൂർണ്ണിമദിനത്തിൽ സംസ്കൃതത്തിന്റെ പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുന്നു. പിന്നീട് പ്രശ്നോത്തരി,ഉപന്യാസം മുതലായ മത്സരപരിപാടികൾ നടത്തുന്നു. കുട്ടികൾക്ക് അവരുടെ കലാപരിപാടികൾ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു,മധുരവിതരണവും ഉണ്ടാകുന്നു. പിന്നീട് രാമായണമാസത്തോടനുബന്ധിച്ച് രാമായണപാരായണം, പ്രശ്നോത്തരി, ദശപുഷ്പപ്രദർശനം മുതലായവയും നടത്തുന്നു. ഗുരുപൂർണ്ണിമ, അധ്യാപക ദിനം മുതലായ ദിനങ്ങളിൽ ഗുരുവിന്റെ മഹത്വത്തെ കുറിക്കുന്ന സുഭാഷിതങ്ങൾ അവതരിപ്പിക്കുകയും ഗുരുക്കൻമാർക്ക് ആശംസകൾ അറിയിക്കുകയും ചെയ്യുന്നു. മാത്രമല്ല മാതൃദിനം, ശിശുദിനം, ജലദിനം, ലഹരിവിരുദ്ധദിനം തുടങ്ങി ഒരു വിധ എല്ലാ പ്രധാന ദിനങ്ങളും അതിന്റെ മഹത്വത്തെ മനസ്സിലാക്കികൊണ്ട് ആഘോഷിക്കാറുണ്ട്. കുട്ടികൾക്ക് സഹായകവും പ്രോത്സാഹനവുമായ രചനാ ശിൽപ്പശാലകളും, ക്ലാസുകളും, സംസ്കൃതത്തിലുള്ള ചെറിയ ചെറിയ കളികളും സംസ്കൃത ക്ലബ്ബിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. അവയിലൂടെ എല്ലാം തന്നെ കുട്ടികൾക്ക് സംസ്കൃതത്തിന്റെ മഹത്വത്തെ മനസ്സിലാക്കാനും, അതിലെ ലളിതമായ നൂതന സാധ്യതകൾ മനസ്സിലാക്കാനും, പുതിയ ഒരു സംസ്കൃത വാതാവരണം സൃഷ്ടിക്കാനും സാധിക്കുന്നു.

## ഉറുദു ക്ലബ്

1995 ൽ ആരംഭിച്ച ഈ വിദ്യാലയത്തിൽ ഉറുദു പഠനം തുടങ്ങിയത് 2001 ലാണ്. അന്ന് മുതൽ നിരവധി വിദ്യാർത്ഥികൾ ഉറുദുപഠനത്തിനായി വിദ്യാലയത്തിൽ എത്തുന്നു. കലോത്സവങ്ങളിൽ ജില്ല, സംസ്ഥാന തലങ്ങളിൽ നിരവധി തവണ എ ഗ്രേഡ് നേടാൻ വിദ്യാർത്ഥികൾക്ക് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷവും സംസ്ഥാന തലത്തിൽ ഉറുദു ഗസലിന് എ ഗ്രേഡ് ലഭിച്ചു.

### ക്ലബ് പ്രവർത്തനങ്ങൾ

- വിദ്യാർത്ഥികളുടെ ഭാഷാശേഷികളുടെ വികസനം ലക്ഷ്യമാക്കി വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.
- 'മുഷാഅറ' കവിയരങ്ങ്.
- ഗസൽ നൈറ്റ്.
- സെമിനാറുകൾ.
- നിഘണ്ടു നിർമ്മാണം.
- മാഗസിൻ.
- ചുമർപത്രിക.
- പ്രസംഗപരിശീലനം.

തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലബിന്റെ കീഴിൽ സംഘടിപ്പിക്കും. ഗാന്ധിജയന്തിയോടനുബന്ധിച്ച് ശുചിത്വ വാരാചരണം, ആരോഗ്യപ്രവർത്തകർ നയിക്കുന്ന ബോധവൽക്കരണ ക്ലാസ്, ഭാഷാദിനങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും.

## ഇംഗ്ലീഷ് ക്ലബ്

1995 ൽ ആരംഭിച്ച ഈ വിദ്യാലയത്തിൽ ഇംഗ്ലീഷ് ക്ലബ് പ്രവർത്തനങ്ങൾ ആദ്യകാലത്ത് തന്നെ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷയുടെ വ്യത്യസ്ത തലങ്ങളിൽ വൈദഗ്ദ്യം നേടിക്കൊടുക്കാൻ ഉതകുന്ന നാനാവിധ പ്രവർത്തനങ്ങളാൽ ക്ലബ് വളരെ സജീവമാണ്. ഇംഗ്ലീഷ് അധ്യാപകരുടെ നേതൃത്വത്തിൽ കൃത്യമായ ആസൂത്രണത്തിലൂടെയാണ് ഓരോ വർഷവും വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കുന്നത്. ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട ദിനാചരണങ്ങളും, വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കുന്ന വ്യത്യസ്ത മത്സരങ്ങളും ഒരു വേറിട്ട അനുഭവം തന്നെയാണ്.

ഇംഗ്ലീഷ് ഭാഷ-സാഹിത്യ മേഖലയുമായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തിയുള്ള ക്ലബിന്റെ ഉദ്ഘാടനം എന്നും ഓർമ്മയിൽ തങ്ങിനിൽക്കുന്ന നിമിഷങ്ങളാണ്. 'ദി ഹിന്ദു' പത്രത്തിന്റെ സഹകരണത്തോടെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ സംഘടിപ്പിച്ചതും, ഇംഗ്ലീഷ് സ്പീക്കിംഗ് കോർണറും, വിദ്യാർത്ഥികളുടെ സ്പീക്കിംഗ് സ്കിൽ വർദ്ധിപ്പിക്കാൻ വളരെ സഹായിച്ചിട്ടുണ്ട്. കവിതാ രചന, കഥാ രചന, തിരക്കഥ രചന, ഉപന്യാസ രചന എന്നിവ വളരെ ഫലപ്രദമായി നടത്തിവരുന്നുണ്ട്. സ്കൂൾതല ലൈബ്രറിയും, ക്ലാസ് ലൈബ്രറിയും, തിരഞ്ഞെടുത്ത പുസ്തകങ്ങൾ വായിച്ച് ആസ്വാദനക്കുറിപ്പ് എഴുതി അതിൽ നിന്ന് മികച്ചതിന് സമ്മാനങ്ങൾ നൽകുന്നതുമെല്ലാം ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് മാറ്റ് കൂട്ടുന്നു. മോട്ടിവേഷൻ ക്ലാസും, ഇംഗ്ലീഷ് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ നൽകിവരുന്ന പ്രത്യേക ക്ലാസുകളും ക്ലബ്ബ് പ്രവർത്തനങ്ങളെ വ്യത്യസ്ഥമാക്കുന്നുണ്ട്.

## ഹിന്ദി ക്ലബ്

വിദ്യാർത്ഥികളുടെ ഭാഷാപരമായ മുന്നേറ്റം ലക്ഷ്യംവെച്ചുകൊണ്ട് സ്കൂളിന്റെ തുടക്കം മുതൽ തന്നെ ഹിന്ദി ക്ലബിന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ദിനാചരണങ്ങളുടെ ഭാഗമായി കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് ക്ലബിന്റെ നേതൃത്വത്തിൽ പോസ്റ്റർ രചനാ മത്സരം, കൊളാഷ്, കവിതാ രചന, കഥാ രചന മത്സരങ്ങൾ, ദേശഭക്തിഗാനാലാപന മത്സരം, ക്വിസ് മത്സരം, പ്രസംഗ മത്സരം മുതലായ പരിപാടികൾ നടത്താറുണ്ട്. പഠനയാത്രയുടെ ഭാഗമായി ഹിന്ദി ക്ലബിന്റെ ആഭിമുഖ്യത്തിൽ വൃദ്ധസദനം, ജുവനൈൽ ഹോം, ഷെൽട്ടർ ഹോം, തുടങ്ങിയവ സന്ദർശിച്ചു വരുന്നു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ലൗ ഗ്രീൻ ക്ലബുമായി ചേർന്ന് എല്ലാ വർഷവും സ്കൂൾ കോമ്പൗണ്ടിൽ വൃക്ഷ തൈകൾ നടുന്നു.

ഭാവി പരിപാടികൾ :-

1. ഫിലിം ഫെസ്റ്റിവെൽ
2. സാഹിത്യകാരൻമാരുമായുള്ള ഇന്റർവ്യൂ
3. കവിയരങ്ങ്
4. നിഘണ്ടു നിർമ്മാണം
5. മാഗസിൻ
6 പരിസ്ഥിതി പഠനയാത്ര.

## സോഷ്യൽസയൻസ് ക്ലബ്

ജീവിതത്തിന്റെ എല്ലാ മേഖലകളേയും സ്പർശിക്കുന്ന ഒരേയൊരു വിഷയമാണ് സാമൂഹ്യശാസ്ത്രം. ചരിത്രം,പൗരധർമ്മം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, പരിസ്ഥിതി എന്നിവക്കെല്ലാം പ്രാധാന്യം നൽകുന്നു. സഹ ജീവികളെയും, രാജ്യത്തെയും, പരിസ്ഥിതി യേയും സ്നേഹിക്കുന്ന ഒരുഭാവിതലമുറയാണ് പഠനലക്ഷ്യം.

**അക്കാദമിക നിലവാരം ഉയർത്താനായി നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ :-**

- അവധിക്കാല ചരിത്രാവബോധ ക്യാമ്പ്
- നിയമ സാക്ഷരതാക്ലാസ്
- ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ
- സാമൂഹ്യശാസ്ത്ര പഠനസാധ്യതകൾ-മോട്ടിവേഷൻ ക്ലാസ്
- പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- സാമൂഹ്യപങ്കാളിത്തത്തോടെ എസ്.എസ് ലാബ്,ലൈബ്രറി
- ക്യാമ്പുകൾ,ദിനാചരണങ്ങൾ,എക്സിബിഷനുകൾ,ക്വിസ്,ഇലക്ഷൻ,മോക്ക് പാർലമെന്റ്
- ഭൂപട നിർമ്മാണം,അറ്റ്ലസ് നിർമ്മാണം
- ഐ.ടി അധിഷ്ടിത പഠനം, ഇ-ലൈബ്രറി, ഇ-പുസ്തകം, സ്ലൈഡ് നിർമ്മാണം
- സോഷ്യൽസയൻസ് ഫെസ്റ്റ്

## ശാസ്ത്ര ക്ലബ്

കുട്ടികളുടെ ശാസ്ത്രീയപരമായ കഴിവുകളെ പരിപോഷിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് സയൻസ് ക്ലബ് നടത്തി വരുന്നത്. ശാസ്ത്രം അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കുട്ടികളെ
അന്ധവിശ്വാസങ്ങളുടെ അന്ധകാരത്തിൽ നിന്നും പുറത്ത് കൊണ്ടുവരത്തക്ക പ്രവർത്തനങ്ങളാണ് ക്ലബ് കാഴ്ച വെയ്ക്കുന്നത്.

സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നിരവധി ദിനാചരണങ്ങൾ ആചരിക്കാറുണ്ട്. നിരവധി ബോധവൽക്കരണക്ലാസുകളും നടന്നു. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസും, റാലിയും സംഘടിപ്പിച്ചു. രക്തദാന ദിനത്തോടനുബന്ധിച്ച് 'രക്തദാനം മഹാദാനം' ബോധവൽക്കരണ ക്ലാസും, രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പും നടന്നു. ചാന്ദ്രദിനത്തോടനുബന്ധിച്ച് സാങ്കൽപ്പിക ബഹിരാകാശ യാത്രാവിവരണ നാടകവും,ക്വിസ് മത്സരവും നടത്തി.

സ്കൂൾതല ശാസ്ത്രമേള എല്ലാവർഷവും നടത്താറുണ്ട് അതിൽ നിന്നും പ്രതിഭകളായ കുട്ടികളെ തിരഞ്ഞെടുത്ത് ഉപജില്ലാ ശാസ്ത്രമേളയിൽ പങ്കെടുക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ഉപജില്ലാ, ജില്ലാ ശാസ്ത്രമേളയിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും കരസ്ഥമാക്കിയ നിരവധി വിദ്യാർത്ഥികൾ ഇവിടെയുണ്ട്. Working Model, Still Model, Improvised Experiment, Research Type Project എന്നീ വിഭാഗങ്ങളിൽ കുട്ടികൾ പങ്കെടുക്കുകയും ജില്ലാതലത്തിലേക്ക് എല്ലാവർഷവും സെലക്ഷൻ ലഭിക്കാറുമുണ്ട്. ഈ വർഷം ഈ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും ഉപജില്ലാശാസ്ത്ര മേളയിൽ

ലഭിക്കുകയും ഹൈസ്കൂൾ വിഭാഗം ശാസ്ത്രമേളയിൽ ഒന്നാം സ്ഥാനം നേടുകയും ചെയ്തു.ശാസ്ത്ര സെമിനാർ,ടാലന്റ് സെർച്ച് എക്സാം എന്നിവയിലും ജില്ലാതലത്തിലേക്ക് യോഗ്യത നേടി. സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ NMMS, NTS, Inculcate പരീക്ഷകൾക്ക് പരിശീലന ക്ലാസ് നടത്തുകയും ഇവർക്ക് വേണ്ട പഠന മെറ്റീരിയലുകൾ നൽകുകയും ചെയ്യുന്നു.കൂടാതെ Inculcate, Science Talent Search Examination തുടങ്ങിയ പരീക്ഷകൾക്കും കുട്ടികളെ പ്രാപ്തരാക്കുന്നു. നിരവധി വിദ്യാർത്ഥികൾക്ക് വർഷങ്ങളായി NMMS Scholarship കിട്ടിവരുന്നു. വിവിധ സ്ഥലങ്ങളിലേക്കുള്ള പഠനയാത്രകൾ സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നു.

ശാസ്ത്രക്ലബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പദ്ധതികൾ

- ലാബ് ശാക്തീകരണം - ഓരോ കുട്ടിക്കും പരീക്ഷണങ്ങൾ ചെയ്യത്തക്കവിധം എല്ലാ സൗകര്യങ്ങളോടും കൂടിയ Physics, Chemistry, Biology ലാബുകൾ.
- Improvised Experiment മത്സരങ്ങളിൽ കുട്ടികൾക്ക് കഴിയും വിധത്തിലുള്ള പാഠപുസ്തകങ്ങളിൽ പറഞ്ഞ പരീക്ഷണങ്ങൾ ചെയ്യുന്നാനുള്ള സാഹചര്യം ഒരുക്കുന്നു.
- ശാസ്ത്രമേളയിലെ Working Model , Still Model, Experiment, Project എന്നിവ ചെയ്യാനുള്ള അവസരം ഒരുക്കുന്നു.
- വിവിധ ശാസ്ത്ര പരീക്ഷകൾ, Inculcate, NMMS, Science Talent Search Examination, NTS തുടങ്ങി വിവിധ പരീക്ഷകൾക്ക് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ ഒരുക്കിക്കൊടുക്കുന്നു. ഉപന്യാസ രചനാ മത്സരങ്ങൾ, ക്വിസ്മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു
- വിവിധ സ്ഥലങ്ങളിലേക്കുള്ള പഠനയാത്രകൾ - കുസാറ്റ് , പ്ലാനിറ്റോറിയം , Water Treatment Plant എന്നിവ സംഘടിപ്പിക്കുന്നു
- സയൻസ് കോർണർ , വായനാമൂല, സയൻസ് കിറ്റ് എന്നിവ എല്ലാ ക്ലാസ്സിലും ഒരുക്കുന്നു.

## ഗണിത ക്ലബ്

എല്ലാ ശാസ്ത്രവിഷയങ്ങളുടെയും അടിസ്ഥാനം ഗണിതമാണ്. ഗണിതശാസ്ത്രപഠനം പണ്ട് മുതലേ മറ്റ് വിഷയങ്ങളിൽ നിന്നും വ്യത്യസ്തമായി ലളിതമായിരുന്നില്ല.അതിനാൽ തന്നെ ഭൂരിപക്ഷം കുട്ടികളും ഗണിതത്തിൽ നിന്ന് ഒരു കൈദൂരം നിന്നുപോന്നു എന്ന് പറയാം. എന്നാൽ ഇന്ന് അധ്യാപകരുടെ അത്യുത്സാഹത്തോടെയുള്ള വ്യത്യസ്ത സമീപനം വിദ്യാർത്ഥികളിലേക്ക് പഠനം ലളിതവും രസകരവുമാക്കുന്നു എന്ന് ആർക്കും മനസ്സിലാക്കാവുന്നതാണ്.

1. വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ബേസിക് മൊഡ്യൂൾ ക്രിയകൾ,ഗുണന പട്ടിക തുടങ്ങിയവയുടെപഠനം.
2. ഗണിത താൽപര്യം വർദ്ധിപ്പിക്കുന്നതിന് ഗണിതമൂല
3. ഗണിത ക്ലബ്
4. ഗണിത ലൈബ്രറി
5. വർക്കിംഗ് മോഡൽ,സ്റ്റിൽ മോഡൽ എന്നിവയുടെ നിർമ്മാണം
6. നമ്പർചാർട്ട്, ജ്യോമെട്രിക്കൽചാർട്ട്, ജനറൽ ചാർട്ട് എന്നിവയുടെ നിർമ്മാണവും പ്രദർശനവും
7. പാഠഭാഗവുമായി ബന്ധപ്പെട്ട മോഡലുകൾ, കലണ്ടറുകളിലെ ഗണിതം, ജ്യാമിതി പ്രകൃതിയിൽ, ഗണിത പുരാവസ്തുക്കളുടെ പ്രദർശനം എന്നിവ സംഘടിപ്പിച്ചു.
8. രാമാനുജൻ പേപ്പർ പ്രസന്റേഷൻ, ഭാസ്കരാചാര്യ സെമിനാർ എന്നിവക്ക് കുട്ടികളെ ഒരുക്കൽ

## ഐ.ടി. ക്ലബ്ബ്

### ലക്ഷ്യങ്ങൾ

- ✦ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ആധുനിക സാങ്കേതിക വിദ്യകൾ നേടുന്നതിലും പ്രയോഗിക്കുന്നതിലും പിന്നിലാകുന്നില്ലെന്ന് ഉറപ്പുവരുത്തുക.
- ✦ ഐ.ടി നൈപുണി നേടുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന അധ്യാപക സമൂഹത്തെ സൃഷ്ടിക്കുക.
- ✦ ഐ.ടി സാങ്കേതിക വിദ്യ,നവമാധ്യമങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി പൊതുവിദ്യാലയ മികവുകൾ സമൂഹവുമായി പങ്കിടുക.
- ✦ മികവുറ്റ പഠനം ഉറപ്പാക്കുന്നതിനായി എല്ലാ ക്ലാസുകളിലും കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തിയുള്ള അധ്യാപന
  രീതി നടപ്പിലാക്കുക.

### നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

- ✦ എല്ലാ വർഷവും ഐ.ടി ക്വിസ് മത്സരങ്ങൾ.
- ✦ ആനിമേഷൻ, ഹാർഡ് വെയർ, ഇലക്ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിംഗ്, ഇന്റർനെറ്റ് ആന്റ് സൈബർ
  സെക്യൂരിറ്റി എന്നിവയിൽ ഐ.ടി @ സ്കൂൾ, കുട്ടിക്കൂട്ടം വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് നൽകി.
- ✦ ഇന്റർനെറ്റ് ആന്റ് സൈബർ സെക്യൂരിറ്റി എന്നിവയിൽ രക്ഷിതാക്കൾക്ക് ബോധവൽക്കരണം.
- ✦ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കി.
- ✦ മലയാളം ക്ലബ്ബുമായി ചേർന്ന് ഷോർട്ട് ഫിലിം.
- ✦ ഐ.ടി അധിഷ്ഠിത പഠനവിഭവങ്ങൾ തയ്യാറാക്കുന്നതിന് അധ്യാപകർക്ക് റിഫ്രഷ്മെന്റ് ട്രെയിനിംഗ്.
- ✦ സബ് ജില്ലാ, ജില്ലാതല ഐ.ടി മത്സരങ്ങളിൽ മികച്ച പ്രാധിനിത്യം.
- ✦ വിദ്യാർത്ഥികൾക്ക് മൊബൈൽ ആപ്പ് നിർമ്മാണ പരിശീലനം.
- ✦ ഐ.ടി ക്ലബ് അംഗങ്ങൾക്ക് ഇ-മെയിൽ ഐഡി.

## ലഹരി വിരുദ്ധ ക്ലബ്

ഇന്നത്തെ തലമുറക്കിടയിൽ കണ്ടുവരുന്ന ഒരു ദുശീലമാണ് ലഹരി ഉൽപന്നങ്ങളുടെ ഉപയോഗവും അതിന്റെ പരിണിത ഫലമെന്നോണമുള്ള ആരോഗ്യപ്രശ്നങ്ങളും. അതുകൊണ്ട് തന്നെ വിദ്യാർത്ഥികൾക്കിടയിൽ ഇതിനെതിരായ ബോധവൽക്കരണം കൊടുക്കാനായി സ്കൂളിൽ ലഹരിവിമുക്ത ക്ലബ് രൂപീകരിച്ചു. എല്ലാ ക്ലാസ്സിലെയും വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ടായിരുന്നു ക്ലബിന്റെ രൂപീകരണം. അതിന്റെ ഭാഗമായി സ്കൂൾതല ക്വിസ്സ് നടത്തുകയും വിജയികൾക്ക് ഉപഹാരം നൽകുകയും ചെയ്തു. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തിനോടനുബന്ധിച്ച് ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു. അന്നേ ദിവസം തന്നെ ക്ലബ് അംഗങ്ങളും, ജെ.ആർ.സി കുട്ടികളും ചേർന്ന് ബോധവൽക്കരണ റാലി നടത്തി. എക്സൈസ് ഡിപാർട്ട്മെന്റിന്റെയും ആരോഗ്യ വകുപ്പിന്റെയും നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സും മാരകരോഗങ്ങളെക്കുറിച്ചുള്ള ചിത്രപ്രദർശനവും നടത്തി. കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ ക്ലബ് അംഗങ്ങളുടെ സ്ക്വാഡ് പ്രവർത്തനം അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുകയും, ആവശ്യമുള്ള കുട്ടികൾക്ക് കൗൺസിലിംഗ് ഉപയോഗപ്പെടുത്തുകയും ചെയ്തു.

## കലോത്സവം

1995 ൽ സ്ഥാപിതമായ ഈ വിദ്യാലയം തുടക്കം മുതൽ തന്നെ കലോത്സവ മത്സരങ്ങളിൽ മികവ് പുലർത്തുന്നുണ്ട്. തുടർച്ചയായ വർഷങ്ങളിൽ എടപ്പാൾ സബ്ജില്ലാ ചാമ്പ്യൻപട്ടം കരസ്ഥമാക്കാൻ വിദ്യാലയത്തിന് സാധിച്ചി ട്ടുണ്ട്.ഒട്ടേറെ സർഗപ്രതിഭകളെ വാർത്തെടുക്കാൻ അക്ഷീണമായ പ്രയത്നം ഒന്നുകൊണ്ടു മാത്രമാണ് കഴിഞ്ഞിട്ടുള്ളത്.വ്യക്തിഗത ഇനങ്ങൾക്കു പുറമെ ഗ്രൂപ്പ് ഇനങ്ങളിലും സംസ്ഥാനതല സാന്നിധ്യം അറിയിക്കാൻ വിദ്യാലയത്തിന്കഴിഞ്ഞിട്ടുണ്ട്.തിരുവാതിരക്കളി മത്സരത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാനതലത്തിൽ ഉന്നത വിജയം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്.കലാപ്രതിഭകളുടെ ഒരു ആകർഷണകേന്ദ്രമാണ് ഈ വിദ്യാലയം.വിദ്യാർത്ഥികളുടെകലാതാൽപര്യം മനസിലാക്കി കൊണ്ട് അവർക്ക് വേണ്ട പരിശീലന പരിപാടികൾ അധ്യയന വർഷം തുടക്കം മുതൽക്കു തന്നെ നൽകാറുണ്ട്.കലാമത്സരത്തിൽ ജില്ലയിലെ ഉന്നത വിജയം കരസ്ഥമാക്കുന്ന വിദ്യാലയങ്ങളിൽ ഇടം പിടിക്കാൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്.രക്ഷിതാക്കളുടെ അകമഴിഞ്ഞ സഹായം ഇതിന് ഞങ്ങൾക്ക് ലഭിക്കാറുണ്ട്. ചിട്ടയായ, കാര്യക്ഷമമായ പരിശീലന മുറകളിലൂടെയാണ് ഞങ്ങൾ വിജയം നേടിയെടുക്കുന്നത്.

## നിശാ ക്ലാസുകൾ

2001 മുതൽ 10-ാം ക്ലാസിലെ വളരെ പിന്നോക്കം നിൽക്കുന്ന 150 കുട്ടികളെ ഉൾപ്പെടുത്തി അക്കാദമിക വർഷാവസാനം സഹവാസ ക്യാമ്പുകൾ നടത്തി വരുന്നു. കുട്ടികൾക്ക് ആവശ്യമായ സംരക്ഷണവും ഭക്ഷണവും ഈ ക്യാമ്പസിൽ നൽകുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും പ്രത്യേകം Motivation Class-കൾ നൽകുന്നു. എല്ലാ ദിവസവും സമൂഹത്തിലെ പൗരപ്രമുഖരെ പങ്കെടുപ്പിച്ച് കുട്ടികളുമായി ഇടപ്പെടലുകൾ നടത്തുന്നു. ഇതിലൂടെ കുട്ടികൾക്ക് ഈ ക്ലാസിനോടുള്ള ആഭിമുഖ്യം വർധിപ്പിക്കുന്നു.ഇവരുടെ രക്ഷിതാക്കൾക്കും പ്രത്യേകം ക്ലാസുകൾ നൽകുന്നു.

പ്രത്യേക Module-കൾ തയ്യാറാക്കിയാണ് ഈ കുട്ടികൾക്ക് പരിശീലനം നൽകുന്നത്.പിന്നോക്കം നിൽക്കുന്ന വിഷയങ്ങൾ കണ്ടെത്തി പ്രത്യേകം ക്ലാസുകൾ നൽകുന്നു.അധ്യാപകർ കുടുംബസമേതം ക്യാമ്പുകൾ സന്ദർശിക്കുന്നു.ഇതിന്റെ സാമ്പത്തിക ബാധ്യതകൾ ബഹുജനപങ്കാളിത്തത്തോടെ കണ്ടെത്തുന്നു. ക്യാമ്പിന്റെ അവസാന ദിവസം Special Sent Off Programme നടത്തുന്നു. വിദ്യാർത്ഥികളിൽ നിന്ന് അഭിപ്രായം ശേഖരിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു.ഓരോ കൊല്ലവും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നു.പൂക്കരത്തറ,കോലളമ്പ്,കാളാച്ചാൽ, പന്താവൂർ, അയിലക്കാട്, എടപ്പാൾ തുടങ്ങിയ ഭാഗങ്ങളിൽ കോർണ്ണർ റസിഡെൻഷ്യൽ ക്യാമ്പുകൾ നടത്തുന്നു. പൂർവ്വവിദ്യാർത്ഥികളായ അധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. ചുറ്റുപാടുമുള്ള പ്രഗൽഭരായ വ്യക്തികളെ ക്യാമ്പിൽ ഉപയോഗപ്പെടുത്തുന്നു.

കൗൺസിലിംഗ് ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി HSST കൗൺസിലിംഗ് അധ്യാപകൻ യൂസഫ് സാറിനെ ഉപയോഗിച്ച് കൗൺസിലിംഗ് നൽകുന്നു. വരും വർഷങ്ങളിൽ ICT സാധ്യതകൾ ഉപയോഗപ്പെടുത്തി നിശാ ക്യാമ്പുകൾ കൂടുതൽ ഫലപ്രദമാക്കാൻ ഉദ്ദേശിക്കുന്നു.ആയതിന് അനുയോജ്യമായ Visual aids, Videos, Audios എന്നിവ തയ്യാറാക്കും. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേകം ക്യാമ്പുകൾ സംഘടിപ്പിക്കും.

## ഗൃഹസന്ദർശനം

കുട്ടികളുടെ പഠനനിലവാരം അറിയാനും രക്ഷിതാക്കളെ ബോധവൽക്കരിക്കാനും ഉതകുന്ന ഏറ്റവും മികച്ച ഒരു പരിപാടിയാണ് ഗൃഹസന്ദർശനം. കൃത്യമായും ആസൂത്രിതമായും സ്കൂളിലെ അധ്യാപകർ ഓരോ വർഷവും വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചു വരുന്നു. വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന ഗൃഹസന്ദർശനം, വിദ്യാർത്ഥികളുടെ ഭൗതികവും, സാമൂഹികവും, സാമ്പത്തികവുമായ സ്ഥിതിഗതികൾ മനസ്സിലാക്കാനും രക്ഷിതാക്കളുമായി ഊഷ്മള ബന്ധം പുലർത്താനും സഹായിക്കുന്നു. ക്ലാസ്സ് ടീച്ചർമാരുടെ നേതൃത്വത്തിൽ

വിദ്യാർത്ഥികളുടെ സ്ഥല വിവരങ്ങൾ മനസ്സിലാക്കി മൂന്നോ അതിലധികമോ വരുന്ന അധ്യാപകകൂട്ടം നടത്തുന്ന ഗൃഹസന്ദർശനം വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കാൻ സഹായിക്കുന്നു.

## സൗഹൃദസദസ്സുകൾ

സ്കൂളിന്റെ ഏറ്റവും മികച്ച പാഠ്യേതര പ്രവർത്തനങ്ങളിൽ ഒന്നാണ് സൗഹൃദസദസ്സുകൾ. പൂർവ്വ വിദ്യാർത്ഥി സംഘടന 'ദളം' സ്കൂളിന്റെ ഒരു അവിഭാജ്യഘടകമാണ്. വേറിട്ട പ്രവർത്തന രീതിയിലൂടെ ഏഷ്യൻ റെക്കോർഡും , ലിംഗാ ബുക്ക് ഓഫ് റെക്കോഡും കരസ്ഥമാക്കിയ 'ദളം' സ്കൂളും അധ്യാപകരും പൂർവ്വവിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം സുദൃഢമാക്കുവാൻ വേണ്ടി ഓരോ വർഷവും അലുമിനിമീറ്റ് സംഘടിപ്പിച്ചു വരുന്നു.

വൃദ്ധമന്ദിരങ്ങൾ സന്ദർശിക്കൽ, പെയിൻ ആന്റ് പാലിയേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ, ജെ.ആർ.സി സംഘടിപ്പിച്ച ബോധവത്ക്കരണ പരിപാടികൾ മുതലായവ സ്കൂളും സമൂഹവുമായി മികച്ച സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ സഹായകരമായി.

## ചാരിറ്റി പ്രവർത്തനങ്ങൾ

വിദ്യാലയത്തിൽ പഠിക്കുന്ന നിർധനരായ വിദ്യാർത്ഥികളുടെയും അവരുടെ രക്ഷിതാക്കളുടെയും ക്ഷേമത്തിനായി 'സേവ്' (സപ്പോർട്ട് ഫോർ എജ്യുക്കേഷൻ ആന്റ് വെൽഫെയർ ആക്ടിവിറ്റീസ്) എന്ന പേരിൽ ഒരു ചാരിറ്റി വിങ് രൂപീകരിക്കുകയും അത് മലപ്പുറം രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു പോരുകയും ചെയ്യുന്നു.

നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം ചെയ്യുക, അർഹരായ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ചികിത്സാസഹായം നൽകുക, ദരിദ്ര കുടുംബത്തിന് സാമ്പത്തിക സഹായം നൽകുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.

സേവയുടെ ക്ഷേമ പ്രവർത്തനത്തിലുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നത് ആഴ്ചതോറും ക്ലാസ് തലത്തിൽ ചാരിറ്റി ബോക്സ് വഴി സമാഹരിക്കുന്ന തുകയും, മാസം തോറും അധ്യാപകരിൽ നിന്നും സമാഹരിക്കുന്ന തുകയിൽ നിന്നുമാണ്.

ഓരോ അധ്യായന വർഷത്തിന്റെയും ആരംഭത്തിൽ അർഹരായ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ നൽകുകയും ആവശ്യാനുസരണം മറ്റ് ധനസഹായം നടത്തിവരുകയും ചെയ്യുന്നു. അങ്ങനെ വർഷം തോറും ലക്ഷത്തിലധികം സാമ്പത്തിക സഹായം നൽകി വരുന്നു.

സേവയിലൂടെ വിദ്യാർത്ഥികളിൽ ജീവകാരുണ്യ പ്രവർത്തനത്തിന്റെ മഹത്വം വളർത്തിയെടുക്കാനും ഭാവിയിൽ അവർ വളർന്നു വരുന്ന സമൂഹത്തിലെ ദുർബലരായ വിഭാഗത്തോട് കാരുണ്യമുള്ളവരായിത്തീരാനും കഴിയുമെന്ന സന്ദേശം കൂടിയാണ് ലഭിക്കുന്നത്.

**ഭിന്നശേഷിക്കാരുടെ വികസനത്തിന് പ്രത്യേക പദ്ധതി**

- കുട്ടികളിലെ ഭിന്നശേഷി തിരിച്ചറിയൽ.
- ഓരോ കുട്ടിക്കും പ്രത്യേക പരിഗണന.
- കുട്ടിയും ടീച്ചറും തമ്മിലുള്ള നല്ലബന്ധം.
- സഹപാഠികളുമായി ഇഴുകിച്ചേരാനുള്ള കഴിവ് വളർത്തൽ.
- അക്ഷരങ്ങൾ മനസ്സിലാക്കുക.
- വായനയ്ക്ക് പരിശീലനം.
- എഴുതാൻ പരിശീലനം.
- ചിന്താ വികസനം.
- മാനസിക വിശ്രമം (യോഗ).
- ഗാനാസ്വാദനം (ശ്രദ്ധ).
- ബുദ്ധി വികാസത്തിനുതകുന്ന ഗെയിമുകൾ.
- കലാ- കായിക സാങ്കേതിക പ്രവർത്തനങ്ങൾ.
- രക്ഷിതാക്കൾക്കും കുടുംബാംഗങ്ങൾക്കും കൗൺസിലിംഗ് ക്ലാസ്, ബോധവൽക്കരണം.
- റിസോഴ്സ് റൂം.
- അഡാപ്റ്റേഷൻ ബാത്ത് റൂം.
- വീൽചെയർ, ഹാൻഡ് റെയിൽ.
- തൊഴിൽ പരിശീലനം (തയ്യൽ, പൂ നിർമ്മാണം,ആഭരണ നിർമ്മാണം,പെയിന്റിംഗ്,ബാഗ് നിർമ്മാണം,പേപ്പർ ഉപയോഗിച്ച് നിർമ്മാണ പരിശീലനം).
- വൈകല്യങ്ങളെ അതിജീവിച്ച് വ്യത്യസ്ത അഭിരുചികളുള്ള കുട്ടികളെ വാർത്തെടുക്കാം.

**ശുചിത്വം-ഉച്ചഭക്ഷണം-കുടിവെള്ളം**

**ലക്ഷ്യം**

പോഷക സമൃദ്ധവും ശുചിത്വപൂർണ്ണവുമായ ഭക്ഷണവും, ശുദ്ധമായ കുടിവെള്ളവും എല്ലാകുട്ടികളിലും എത്തിക്കുക.

**പ്രവർത്തനങ്ങൾ**

- നവീകരിച്ച വിശാലമായ അടുക്കള
- സ്റ്റീം ബോയ്‌ലറുകൾ
- വൃത്തിയും ശുചിത്വവുമുള്ള ഡൈനിംഗ്ഹാൾ
- ആവശ്യത്തിന് ഫർണിച്ചർ സൗകര്യം
- സ്റ്റോറും
- വാട്ടർഹീറ്റർ
- വാഷ്ബേസിനുകൾ
- വാട്ടർഫിൽട്ടർ
- പാചകത്തിന് ആവശ്യമായ ആധുനിക ഉപകരണങ്ങൾ
- മികച്ച ഡ്രെയിനേജ് സിസ്റ്റം
- ഡിഷ് വാഷറുകൾ
- ഭക്ഷണം കഴിക്കാനുള്ള പാത്രങ്ങൾ,ഗ്ലാസുകൾ
- പ്രഭാതഭക്ഷണം
- പാചകക്കാർക്ക് ബോധവൽക്കരണ ക്ലാസുകൾ
- എല്ലാ ക്ലാസുകളിലും കുടിവെള്ള സൗകര്യം

- ജലം അമൂല്യമാണ് എന്ന സന്ദേശം കുട്ടികളിലേക്കെത്തിക്കുന്നതിനുള്ള പരസ്യ ബോർഡുകളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുക
- ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 'ശുചിത്വം-സമീകൃത ആഹാരം' എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിക്കുക
- സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകുന്നതിനുള്ള സംവിധാനം ഒരുക്കുക

## മാലിന്യ സംസ്കരണം

- ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം.
- ഇൻസിനേറ്റർ സ്ഥാപിക്കൽ.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കൽ.
- ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ചില നിർദേശങ്ങൾ.
- നീന്തൽ പരിശീലനം.
- നാടൻകളികൾ, കരാട്ടെ, കളരി, യോഗ എന്നിവയുടെ പരിശീലനം.
- സൈക്ലിംഗ് പരിശീലനം.
- ശുചിത്വ ബോധവൽക്കരണ ബോർഡുകൾ കോമ്പൗണ്ടിലും പരിസരങ്ങളിലും സ്ഥാപിക്കൽ.
- ദിനാചരണങ്ങൾ സംഘടിപ്പിക്കൽ.
- ഗാന്ധിജയന്തിയോടനുബന്ധിച്ചുള്ള ശുചിത്വ വാരാഘോഷം.
- പ്രതിരോധ കുത്തിവെപ്പുകളെ കുറിച്ച് ക്ലാസ്സ് പി.ടി.എ കളിൽ രക്ഷിതാക്കളെ ബോധവത്ക്കരിക്കൽ.
- ആരോഗ്യ സന്ദേശം ജനങ്ങളിലെത്തിക്കാൻ റാലികൾ, നാടകങ്ങൾ എന്നിവ സംഘടിപ്പിക്കൽ.
- ഒരു സ്ഥിരം നഴ്സിന്റെ സേവനം, ഹെൽത്ത് കൗൺസിലർ എന്നിവരുടെ സേവനം ഉറപ്പുവരുത്തൽ.

## കരിയർ ഗൈഡൻസ്/മോട്ടിവേഷൻ

- അധ്യയന വർഷാരംഭത്തിൽ എസ്.എസ്.എൽ.സി കുട്ടികൾക്ക് പ്രത്യേക മോട്ടിവേഷൻ ക്ലാസുകൾ.
- മിഡ്ടേം പരീക്ഷക്ക് ശേഷം ക്ലാസ് വൈസ് ഗൈഡൻസ് ക്ലാസസ്.
- രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ്.
- 8,9 ക്ലാസിലെ അടിസ്ഥാനശേഷി നേടാത്ത കുട്ടികൾക്കായി പ്രത്യേക ഗൈഡൻസ്.
- ജനുവരി ആദ്യത്തിൽ കാറ്റഗറി തിരിച്ച് ഓരോ കാറ്റഗറിക്കാർക്കും പ്രത്യേകം ഗൈഡൻസും മോട്ടിവേഷനും.
- പത്താം ക്ലാസിന് മോഡൽ എക്സാമിന് ശേഷം വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സഹവാസ ക്യാമ്പ്. ക്യാമ്പിൽ ഓരോ ദിവസവും സമൂഹത്തിലെ വിവിധ തുറകളിൽ നിന്നുള്ള വ്യക്തികളെ ഉൾപ്പെടുത്തിയുള്ള ഇന്ററാക്ഷൻ മോട്ടിവേഷൻ.

## ജൂനിയർ റെഡ്ക്രോസ്സ്

അന്തർ ദേശീയ റെഡ് ക്രോസ്സ് സൊസൈറ്റിയുടെ ഉദാത്തമായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും യുവ തലമുറയെ സേവന സന്നദ്ധത, സ്വഭാവ രൂപീകരണം, ദയ, സ്നേഹം, ആതുര ശുശ്രൂഷ, വിദ്യാഭ്യാസ പ്രചാരണം എന്നീ ഗുണമേന്മകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി രൂപവത്കരിച്ച സംഘടനയാണ് ജൂനിയർ റെഡ് ക്രോസ്. ഇത് തികച്ചും മതേതരത്വത്തിലൂന്നി പ്രവർത്തിക്കുന്ന സംഘടനയാണ്. മാതൃസംഘടനയെപ്പോലെ ലോകത്ത് എല്ലായിടത്തും ജൂനിയർ റെഡ് ക്രോസ്സിന് ശാഖകളുണ്ട്. ജൂനിയർ റെഡ് ക്രോസ്സ് പ്രധാന മൂന്ന് ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ആരോഗ്യം അഭിവൃദ്ധിപ്പെടുക, സേവന സന്നദ്ധയുള്ള യുവ തലമുറയെ വാർത്തെടുക്കുക, അന്താരാഷ്ട്ര സൗഹൃദം സമ്പുഷ്ടമാക്കുക എന്നിവയാണ്. സേവനം എന്നത് ജെ.ആർ.സിയുടെ മോട്ടോയാണ്. വെള്ളവസ്ത്രത്തിന്റെ വിശുദ്ധി നാമെല്ലാവരും തിരിച്ചറിഞ്ഞിട്ടുള്ളതാണ്. പക്ഷെ കുരുന്നുമനസ്സുകളിൽ

ആതുണ്ടാക്കുന്ന ചലനം അത് നേരിട്ട് അറിയാൻ സാധിച്ചത് ജെ.ആർ.സി. യൂണിറ്റ് ഞങ്ങളുടെ സ്കൂളിൽ ആരംഭിച്ചപ്പോഴാണ്. പുതുതലമുറയിൽ നിന്ന് അന്യംനിന്ന് പോകുന്ന സ്നേഹം, സഹാനുഭൂതി, കാരുണ്യം, ആത്മസമർപ്പണം എന്നീ ഗുണങ്ങൾ എല്ലാകേഡറ്റുകളിലും ദർശിക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാവരും സ്വന്തം കാര്യങ്ങളിൽ ഒതുങ്ങി ഒളിക്കാൻ ശ്രമിക്കുമ്പോഴും ഞാനത് ചെയ്യട്ടെ, ഇങ്ങനെ എടുക്കട്ടെ എന്നൊക്കെപറഞ്ഞ് സുമനസ്സോടെ വരുമ്പോൾ നമുക്ക് മനസ്സിലാക്കാം അടുത്ത തലമുറയിലും നന്മയും സ്നേഹവും ഉള്ളവരും ഉണ്ടാകുമെന്ന്. അതെ അത് തന്നെയാണ് ജെ.ആർ.സി.യുടെ ലക്ഷ്യം. കളങ്കമില്ലാത്ത ഒരു പുതുതലമുറയെ സൃഷ്ടിക്കുക എന്നത് ആ ദൗത്യത്തിലധിഷ്ഠിതമായി ഞങ്ങൾ ചെയ്ത കുറച്ച് സംരംഭങ്ങൾ ഇവിടെ കുറിക്കട്ടെ. ഞാൻ എന്റേതും ചുറ്റുമുള്ള എല്ലാവരുടെയും ആരോഗ്യം സംരക്ഷിക്കുമെന്ന ലക്ഷ്യത്തോട് കൂടിചേർന്ന മീറ്റിംങ്ങിൽ തന്നെ ഗ്രൂപ്പുകളായി തിരിഞ്ഞ് കാമ്പസ് ക്ലീനിംഗ് ഡ്യൂട്ടി ഏറ്റെടുത്തു. ക്യാമ്പസ് ക്ലീനിംഗ് ഓരോ ഗ്രൂപ്പും അതാത് ദിവസങ്ങളിൽ ചെയ്തുവരുന്നു. എന്റെ വസ്ത്രം പോലെ എന്റെ പരിസരവും വൃത്തിയുള്ളതാവണമെന്ന് എല്ലാ കേഡറ്റുകളും ചിന്തിക്കുന്നു.

ഈ അക്കാദമിക വർഷത്തിൽ ഞങ്ങളുടെ എടുത്തുപറയാവുന്ന പ്രവർത്തനങ്ങളിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എട്ടാം ക്ലാസിലെ ഓരോ ഡിവിഷനിലുമായി ഓരോ വൃക്ഷത്തൈ നൽകുകയും അവ സ്കൂൾ വളപ്പിൽ നടുകയും ചെയ്ത "ഒരു ക്ലാസിന് ഒരു മരം" പദ്ധതിയാണ്. ജൂൺ 26 ന് ലോക മയക്കുമരുന്ന് വിരുദ്ധ ദിനത്തോടനുബന്ധിച്ച് കുട്ടികൾ അവതരിപ്പിച്ച ബോധവൽക്കരണ നാടകം ശ്രദ്ധേയമായിരുന്നു. കൂടാതെ ലഹരി വിരുദ്ധ റാലിയും സംഘടിപ്പിച്ചു. ജൂലായ് 21 ന് ചാന്ദ്രദിനത്തോടനുബന്ധിച്ച് മൂന്ന് ജെ.ആർ.സി കേഡറ്റുകൾ സാങ്കൽപ്പിക ബഹിരാകാശ യാത്രികരായി അഭിനയിച്ച് കുട്ടികളുടെ സംശയങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു.

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. അന്നേദിവസം കേഡറ്റുകളുടെ രക്ഷാകർത്തൃ സംഗമവും നടത്തി. സെപ്റ്റംബർ ഓസോൺ ദിനത്തിൽ കൊളാഷ് മത്സരം സംഘടിപ്പിച്ചു. ഗാന്ധി ജയന്തി ദിനത്തിൽ കേഡറ്റുകൾ സ്കൂൾ ക്യാമ്പസും പൂക്കരത്തറ അങ്ങാടിയും വൃത്തിയാക്കി.

രക്തദാന ദിനത്തോടനുബന്ധിച്ച് എടപ്പാൾ ഹോസ്പിറ്റൽ (പ്രൈ) ലിമിറ്റഡുമായി ചേർന്ന് വിദ്യാർത്ഥികളുടെ രക്തഗ്രൂപ്പ് നിർണ്ണയപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. കഴിഞ്ഞ വർഷം കോട്ടൂർ എസ്.പി.സിയുമായി ബന്ധപ്പെട്ട ഒരു ദ്വിദിന ക്യാമ്പ് ഏർപ്പെടുത്തിയിരുന്നു. ജനുവരി 15 പാലിയേറ്റീവ് ദിനത്തോടനുബന്ധിച്ച് ജെ.ആർ. സി കേഡറ്റുകൾ മാറഞ്ചേരി കരുണ പാലിയേറ്റീവ് കെയർ ക്ലിനിക്കുമായി സഹകരിച്ച് ഹോം കെയർ പദ്ധതിയിൽ അംഗങ്ങളായി രോഗികളെ സന്ദർശിച്ചു. അന്നേ ദിവസം കരുണയ്ക്കുവേണ്ടി പണം പിരിക്കാനായി കേഡറ്റുകൾ ഇറങ്ങി നല്ലൊരു സംഖ്യ പിരിച്ചു നല്കുകയും ചെയ്തു. സ്കൂളിലേക്ക് വേണ്ട ചോക്ക് നിർമ്മിക്കാൻ ചോക്ക് നിർമ്മാണ യൂണിറ്റ്, പേപ്പർ പേന നിർമ്മാണം, തുണി സഞ്ചി നിർമ്മാണം, സോപ്പ് നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികൾ ജെ.ആർ.സി കേഡറ്റുകൾ ഏറ്റെടുത്ത് നടത്തുന്നു. മത്സര പരീക്ഷയിൽ ജെ.ആർ.സി കേഡറ്റുകൾ മികച്ച വിജയം കരസ്ഥമാക്കിയിട്ടുണ്ട്. സ്കൂളിലെ മുഴുവൻ എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളിൽ ജെ.ആർ.സി കേഡറ്റുകൾ അനവധിയാണ്. സ്കൂളിലെ ഫുൾ എ പ്ലസ് വിജയശതമാനം ഉയർത്താൻ ജെ.ആർ.സി കേഡറ്റുകൾ നല്ലൊരു പങ്ക് വഹിക്കുന്നുണ്ട്.

സംസ്ഥാന കലോത്സവത്തിൽ തുടർച്ചയായി മിമിക്രി, തിരുവാതിരക്കളി, ചാക്യാർകൂത്ത് എന്നിവയിൽ എ ഗ്രേഡ് നേടിയതിൽ ജെ.ആർ.സി കേഡറ്റുകളുടെ പങ്ക് സ്തുത്യാർഹമാണ്. ജെ.ആർ.സി ക്വിസ് മത്സരത്തിൽ വിജയികളായത് ഈ വിദ്യാലയത്തിലെ കേഡറ്റുകളാണ്. കഴിഞ്ഞ നവംബർ 14 ന് എല്ലാ ജെ.ആർ.സി കേഡറ്റുകളും വീട്ടിൽ നിന്നും വിവിധതരം കറികൾ, ചോറ്, പായസം ഉൾപ്പെടെ കൊണ്ടുവന്ന് പൊതിച്ചോറാക്കി അടുത്തുള്ള ഗവൺമെന്റ് ഹോസ്പിറ്റലിലെ രോഗികൾക്കും കൂട്ടിരിക്കുന്നവർക്കും വിതരണം ചെയ്തു. സ്കൂളിലെ ജെ.ആർ.സി കേഡറ്റുകൾ നിർധനരായ വിദ്യാർത്ഥികൾക്ക് ആശ്വാസമേകാൻ അവർക്ക് പഠനസാമഗ്രികൾ വാങ്ങുവാൻ വേണ്ടി പണം സ്വരൂപിച്ച് നൽകി. മറ്റൊരു വിദ്യാർത്ഥിനിക്ക് ഒരു നല്ല തുക ഭവനനിർമ്മാണത്തിനായി സംഭാവന ചെയ്തു.

2023 ജൂൺ 21 അന്തർ ദേശീയ യോഗ ദിനത്തിൽ ജെ ആർ സി വിദ്യാർത്ഥികൾ പ്ലസ് ടു ബ്ലോക്കിൽ യോഗ ക്ലാസ് നടത്തി. പൂർവ്വ വിദ്യാർത്ഥി മമത ക്ലാസ് എടുത്തു.

2023 ജനുവരി എടപ്പാൾ സബ്ജില്ലയിലെ മുഴുവൻ ജെ.ആർ.സി കേഡറ്റുമാരെയും ഉൾക്കൊള്ളിച്ച്കൊണ്ട് ഒരു ഏകദിന ക്യാമ്പ് ഏർപ്പെടുത്തിയിരുന്നു.

2023 ജൂൺ 26 ന് ഹരിത ക്ലബ്ബ് & സ്കൗട്ട് & ഗൈഡ് എന്നീ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ചെണ്ടുമല്ലി കൃഷി ആരംഭിച്ചു. എടപ്പാൾ കൃഷി ഓഫീസർ സുരേന്ദ്രൻ എം.പി തൈനട്ട് ഉദ്ഘാടനം നിർവഹിച്ചു.

2023 ജൂൺ 26 ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു ജെ.ആർ.സി വിദ്യാർത്ഥികൾക്കായി ലഹരിക്കെതിരെ ബോധവൽക്കരണം നടത്തി. വിമുക്തി കോർഡിനേറ്റർ ശ്രീജിത്ത് എസ് ക്ലാസിന് നേതൃത്വം നൽകി

## അടുത്ത വർഷങ്ങളിലേക്കുള്ള പദ്ധതികൾ

1. മുൻ വർഷങ്ങളിലേത് പോലെ എടുത്തു പറയത്തക്ക പ്രവർത്തനങ്ങൾ ഇനിയും നടത്താൻ ശ്രമിക്കും.
2. സ്കൂളിലെ എല്ലാ മതിലുകളും ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് പെൻ, ബോട്ടിലുകൾ എന്നിവ ഉപയോഗിച്ച് മോടി പിടിപ്പിക്കാനുള്ള പദ്ധതികൾ.
3. ദിനാചരണങ്ങൾ വിവിധ വേറിട്ട പ്രവർത്തനങ്ങളിലൂടെ വർണാഭമാക്കും.
4. ജെ.ആർ.സി കേഡറ്റുകൾക്ക് മീറ്റിംഗ് കൂടുന്നതിനും, ചോക്ക്, പേപ്പർ, പേന നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഒരു റൂം സജ്ജമാക്കും.
5. പഠനയാത്രകൾ സംഘടിപ്പിക്കും.
6. ഹോം കെയർ പദ്ധതിയിൽ ഉൾപ്പെട്ട രോഗീപരിചരണം വിവിധ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കും.
7. നവംബർ 14 ന് അടുത്തുള്ള ഗവൺമെന്റ് ഹോസ്പിറ്റലിലെ രോഗികൾക്കും കൂട്ടിരിക്കുന്നവർക്കും ഭക്ഷണം നൽകാനുള്ള പദ്ധതി.
8. കൂട്ടുകാർക്ക് സ്വാന്തനം പദ്ധതി.
9. ഒരു വീൽചെയർ വാങ്ങുന്നതിനുള്ള ധനസമാഹരണം.
10. ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം.

## സ്കൗട്ട് ആന്റ് ഗൈഡ്സ്

ഒരു രാജ്യത്തിന്റെ വിജയം അതിന് സംഭരിക്കുവാൻ സാധിച്ചിട്ടുള്ള ആയുധ ശേഖരത്തെ ആശ്രയിച്ചിട്ടല്ല.പ്രസ്തുത സന്മാർഗനിഷ്ഠയുള്ളവരും, ആരോഗ്യദൃഢഗാത്രരും, രാജ്യത്തിന് ഉപകാരമുള്ളവരുമായ പൗരൻമാരെ ആശ്രയിച്ചാണിരിക്കുന്നത്. കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന കഴിവുകളെ വളർത്തി അവരെ ദൈവത്തോടും രാജ്യത്തോടുമുള്ള കടമ നിർവഹിക്കുന്ന ഉത്തമപൗരൻമാരായി വാർത്തെടുക്കുകയാണ് സ്കൗട്ടിന്റെ ലക്ഷ്യം.

നമ്മുടെ വിദ്യാലയത്തിൽ 2005-2006 വർഷം മുതലേ സ്കൗട്ട് ആന്റ് ഗൈഡ്സ് യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു.അമൃത.കെ.ആർ, നിഖിത എന്നീ പൂർവ്വവിദ്യാർത്ഥിനികൾ രാജ്യപുരസ്ക്കാർ അവാർഡിനർഹരായിരുന്നു.എന്നാൽ കുറച്ചുകാലം യൂണിറ്റുകളുടെ പ്രവർത്തനം നിർജീവമായെങ്കിലും ഇപ്പോൾ സജീവമാണ്. അബ്ദുൾ മുനീർ, ഷെമീറ തുടങ്ങിയ അധ്യാപകർ യൂണിറ്റുകൾക്ക് നേതൃത്വം നൽകുന്നു.

2023 ജൂൺ 10 പൊന്നാനി എ വി ഹൈസ്കൂളിൽ നടന്ന ത്രിതീയ സോപാൻ പരീക്ഷയിൽ നമ്മുടെ വിദ്യാലയത്തിലെ പത്ത് സ്കൗട്ട് & ഗൈഡ് അംഗങ്ങൾ പങ്കെടുത്തു.

2023 ജൂൺ 26 ന് ഹരിത ക്ലബ്ബ് & സ്കൗട്ട് & ഗൈഡ് എന്നീ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ചെണ്ടുമല്ലി കൃഷി ആരംഭിച്ചു. എടപ്പാൾ കൃഷി ഓഫീസർ സുരേന്ദ്രൻ എം.പി തൈനട്ട് ഉദ്ഘാടനം നിർവഹിച്ചു.

## പി.ടി.എ യോഗങ്ങൾ

വർഷത്തിൽ ഒരു പ്രാവശ്യം പി.ടി.എ ജനറൽബോഡി യോഗം ചേരുന്നു. മാസത്തിൽ ഒരിക്കൽ എക്സിക്യൂട്ടീവ് യോഗം ചേരുന്നു. അടിയന്തിര യോഗവും ചേരാറുണ്ട്. പാദവാർഷിക, അർദ്ധവാർഷിക പരീക്ഷകൾക്ക് ശേഷം ക്ലാസ്സ് പി.ടി.എകൾ ചേരാറുണ്ട്. മുഴുവൻ രക്ഷിതാക്കളേയും സ്കൂളിലെത്തിക്കുന്നതിൽ ശ്രദ്ധിക്കാറുണ്ട്. കോർണർ പി.ടി.എ എന്ന ആശയം വിപുലീകരിച്ച് രക്ഷിതാക്കളെ കൂടുതലായി പങ്കെടുപ്പിക്കുന്നു. സ്കൂളിന്റെ പുരോഗമനപരമായ എല്ലാ പ്രവർത്തനങ്ങൾക്കും പി.ടി.എ മുൻപന്തിയിലുണ്ട്.

## അലുംനി അസോസിയേഷൻ

1995-ൽ ആരംഭിച്ച പൂക്കരത്തറ ദാറുൽഹിദായ ഓർഫനേജ് ഹയർസെക്കണ്ടറി സ്കൂളിൽ നിന്നും പ്രഥമ SSLC ബാച്ച് പുറത്തിറങ്ങിയത് 1998 ലാണ്. തുടർന്ന് ഓരോ വർഷങ്ങളിലും ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിൽ നിന്നും ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് പഠനം പൂർത്തിയാക്കിയിറങ്ങുന്നത്.

പ്രസ്തുത വിദ്യാർത്ഥികൾ ഇന്ന് വിവിധ മേഖലകളിൽ കേരളത്തിനകത്തും പുറത്തും പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ നിസ്സീമമായ സഹകരണം സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാണ്. പ്രസ്തുത വിദ്യാർത്ഥികളുടെ കൂട്ടായ്മയായ 'ദളം' നാടിനും സ്കൂളിനും ഉപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തിന്റെ യശസ്സ് വാനോളം ഉയർത്തി.

വിദ്യാലയത്തിന് മുന്നിലുള്ള കൊടിമരം, സ്റ്റേജ് എന്നിവ മുതൽ രണ്ട് ലക്ഷം വിരലടയാളങ്ങൾ കൊണ്ട് ക്യാൻവാസിൽ വിസ്മയം തീർത്ത് URF ഏഷ്യൻ റെക്കോഡ് വരെ കരസ്ഥമാക്കാൻ ഈ വിദ്യാലയത്തിന് സാധ്യമായതും ഇവരുടെ പ്രവർത്തനം കൊണ്ടുമാത്രമാണ്.

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് ക്രിക്കറ്റ് രംഗത്തെ രാജ്യാന്തര രീതികൾ കൈമാറുക എന്ന ലക്ഷ്യത്തോടെ ഇന്ത്യൻ ക്രിക്കറ്റ്താരം ഇർഫാൻ പഠാനോടൊപ്പം 'അസ്സസ് മെൻസ് അപ്പാരൽസും' ചേർന്ന് സ്ഥാപിച്ച 'അസ്സസ് ക്രിക്കറ്റ് അക്കാദമി ഓഫ് ഇർഫാൻ പഠാൻ' എന്നതിന്റെ സ്ഥാപനത്തിലും പൂർവ്വവിദ്യാർത്ഥികളുടെ ശ്ലാഘനീയപങ്കുണ്ട്.

പ്ലാസ്റ്റിക് വിരുദ്ധ സന്ദേശം വിദ്യാർത്ഥികളിലും സമൂഹത്തിലും എത്തിക്കുന്നതിന്റെ ഭാഗമായി ദളം, 2018 റിപ്പബ്ളിക് ദിനത്തിൽ വീണ്ടും സദ് പ്രവർത്തനമായി രംഗത്തെത്തി. സ്കൂളിന്റെയും പരിസര പ്രദേശങ്ങളിലെയും പാഴ് വസ്തുക്കൾ സംഭരിച്ച് പ്രകൃതിക്ക് ദോഷകരമല്ലാത്ത വിധം പ്ലാസ്റ്റിക്കിനെ പുനരുപയോഗിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ അങ്കണത്തിൽ 13 അടി ഉയരത്തിൽ ഒരു കലാശിൽപവും മതിലും നിർമ്മിച്ചു. വിദ്യാലയത്തിനും സമൂഹത്തിനും മുതൽക്കൂട്ടാവുന്ന ഇത്തരം നിരവധി പ്രവർത്തനങ്ങൾക്ക് പൂർവ്വ വിദ്യാർത്ഥികളുടെ ശക്തമായ പിന്തുണയുണ്ടായിട്ടുണ്ട്. ഭാവിയിലും വിദ്യാലയത്തിന്റെ പുരോഗമന പ്രവർത്തനങ്ങൾക്ക് ഇവരുടെ പിന്തുണ അനിവാര്യമാണ്.

# പ്രവർത്തന പദ്ധതി
# വിശദാംശങ്ങൾ, മാർഗ്ഗരേഖ

## പ്രവർത്തന പദ്ധതി മാർഗരേഖ

# മലയാളം



# പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | **പഠവുകൾ**<br>ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • മുന്നൊരുക്കം<br>• പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യ നിർമ്മാണം<br>• കഥ പറയൽ<br>• കഥ എഴുതൽ<br>• കഥ പൂർത്തിയാക്കൽ<br>• കഥാ പുസ്തകം നൽകൽ<br>• പിന്നോക്കക്കാർക്കു പ്രത്യേക ക്ലാസ്സ് | ജൂൺ മാസം മുതൽ നവംബർ വരെ | പുസ്തകങ്ങൾ, കമ്പ്യൂട്ടർ, വീഡിയോ സി. ഡി. മൈക്ക്, പ്രസംഗപീഠം, കസേര | വിഷയ സമിതി |
| 2 | **വായനക്കളരി**<br>വിദ്യാർത്ഥികളെ മികച്ച വായനക്കാരാക്കുക | • ക്ലാസ്സിൽ വായനക്കൂട്ടം രൂപീകരണം<br>• ലൈബ്രറി നവീകരണം<br>• ഗ്രന്ഥശാല അംഗത്വം<br>• പത്രവായന<br>• പുസ്തക ചർച്ച<br>• വായനക്കുറിപ്പ്<br>• വിദ്യാരംഗം<br>• കലാസാഹിത്യ വേദി<br>• ദിനാചരണങ്ങൾ<br>• ശില്പശാല | ജൂലൈ മുതൽ ഡിസംബർ വരെ | ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, ഗ്രന്ഥശാല, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, എഴുത്തുകാർ, വീഡിയോ, ഓഡിയോ, ചിത്രങ്ങൾ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>PTA<br>CLUB |

| | | | | | |
|---|---|---|---|---|---|
| 3 | **<u>കാഴ്ച</u>**<br>സിനിമയെ<br>അറിയുക | • ഫിലിം ക്ലബ്ബ് രൂപീകരണം<br>• സിനിമ പ്രദർശനം<br>• സിനിമ ആസ്വാദനം<br>• ചർച്ചാവേദി<br>• സമകാലിക സിനിമ<br>• ഷോർട്ട് ഫിലിം<br>• ഡോക്യുമെന്ററി<br>• പരിചയപ്പെടൽ<br>• അഭിമുഖം<br>• തിരക്കഥ<br>• ശില്പശാല<br>• ഫിലിം നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | സിനിമ<br>ഷോർട്ട് ഫിലിം<br>ഡോക്യുമെന്ററി<br>തിരക്കഥാകൃത്ത്<br>സിനിമ പ്രവർത്തകർ<br>ഫിലിം സൊസൈറ്റി | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>PTA<br>CLUB<br>അലുംനി |
| 4 | **<u>എഴുത്തുകൂട്ടം ശില്പശാല</u>**<br>വിദ്യാർത്ഥികളെ മികച്ച എഴുത്തുകാരാക്കുക | ➔ എഴുത്തുകൂട്ട രൂപീകരണം<br>➔ പുസ്തക ചർച്ച<br>➔ വായനാക്കുറിപ്പ്<br>➔ സാഹിത്യശാല<br>➔ പരിചയപ്പെടൽ<br>➔ ലിറ്റിൽ മാഗസിൻ<br>➔ ക്ലാസ്സ് പതിപ്പ്<br>➔ ചുമർ പത്രിക തയ്യാറാക്കൽ<br>➔ വ്യക്തിഗത രചന<br>➔ സാഹിത്യകാരന്മാരുമായി അഭിമുഖം | ജൂലൈ മുതൽ ഡിസംബർ വരെ | പുസ്തകങ്ങൾ,ലൈബ്രറി, ഗ്രന്ഥശാല, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ജീവചരിത്രം, ആത്മകഥ, ഫോട്ടോ. | BRC<br>DIFT<br>ഗ്രന്ഥശാല<br>PTA<br>അലുംനി<br>അധ്യാപകർ<br>ജനപ്രതിനിധി |
| | **<u>യാത്ര</u>**<br>പഠന യാത്ര - കലാമണ്ഡലം, തുഞ്ചൻപറമ്പ്, തൃശൂർ മ്യൂസിയം | ➢ പരമ്പരാഗത കലാരൂപങ്ങൾ പരിചയപ്പെടൽ.<br>➢ കഥകളി, ഓട്ടൻതുള്ളൽ ഡെമോൺസ്ട്രേഷൻ<br>➢ കലാകാരന്മാരുമായി അഭിമുഖം<br>➢ മ്യൂസിയം സന്ദർശനം<br>➢ യാത്രാ വിവരണം | ജൂൺ മുതൽ മാർച്ച് വരെ | വീഡിയോ, മൊബൈൽ, ഫോട്ടോ.<br>അഭിമുഖ ചോദ്യാവലി<br>യാത്രാ വിവരണം<br>സിഡി | കലാമണ്ഡലം<br>അധ്യാപകർ<br>PTA |

| | | | | | |
|---|---|---|---|---|---|
| 6 | **<u>അരങ്ങ്</u>**<br>നാടകീകരണം | ➔ നാടക ശില്പശാല<br>➔ അഭിനയക്കളരി<br>➔ അവതരണം<br>➔ പാഠഭാഗത്തെ നാടകമാക്കി അവതരിപ്പിക്കൽ | ജൂലൈ മുതൽ ഡിസംബർ വരെ | വീഡിയോ, ഓഡിയോ, ഡെമോൺസ്ട്രേഷൻ | നാടകം<br>നാടക പ്രവർത്തകർ<br>അധ്യാപകർ |
| 7 | **<u>കളിയും കാര്യവും</u>**<br>ഭിന്നശേഷിക്കാർക്ക് കളികളിലൂടെ പഠനം സാധ്യമാകുന്നു | • വൈകല്യങ്ങൾ കണ്ടെത്തിയുള്ള പരിഹാര ബോധനം<br>• പ്രചോദനം ശുഭാപ്തി വിശ്വാസം എന്നിവ നൽകുന്ന വീഡിയോ, ഓഡിയോ,[illegible] ചിത്രങ്ങൾ എന്നിവയുടെ പ്രദർശനം | ജൂൺ മുതൽ മാർച്ച് വരെ | വീഡിയോ, ഓഡിയോ, ഡെമോൺസ്ട്രേഷൻ | അധ്യാപകർ<br>IED ടീച്ചർ<br>മാസ്റ്റർ<br>ട്രെയിനർ |

# പ്രവർത്തന പദ്ധതി മാർഗരേഖ

# അറബിക്



## പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കുന്നു.<br>• കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു.<br>• ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് ക്ലാസ്സ് ആകർഷകമാക്കുന്നു<br>• പഠനത്തിന് പ്രത്യേക സമയം കണ്ടെത്തുന്നു | ജൂൺ മുതൽ ആഗസ്ത് വരെ | വിഷയസമിതി<br>IED ടീച്ചർ<br>എസ്.ആർ.ജി<br>PTA |
| 2 | വായന | • വിദ്യാർത്ഥികളെ മികച്ച വായനക്കാരാക്കുക<br>• ലൈബ്രറി നവീകരണം<br>• ഗ്രന്ഥശാല അംഗത്വം<br>• ചിത്ര വായന<br>• ചുമർ പത്രം<br>• ക്ലാസ്സ് മാഗസിൻ<br>• നവംബർ വരെ | ജൂൺ മുതൽ നവംബർ വരെ | വിഷയസമിതി |
| 3 | സാഹിത്യം | • വിദ്യാർത്ഥികളുടെ രചനാകഴിവുകളെ പ്രോത്സാഹിപ്പിക്കൽ<br>• വിവിധ പതിപ്പുകൾ തയ്യാറാക്കൽ<br>• രചനാമത്സരങ്ങൾ (കഥ, കവിത, ഉപന്യാസം)<br>• മികവുകൾക്ക് പ്രോത്സാഹന സമ്മാനം | ആഗസ്ത് സെപ്റ്റംബർ | വിഷയസമിതി |
| 4 | കളിയും കാര്യവും | • പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് കളിയിലൂടെ പഠനം സാധ്യമാക്കുന്നു<br>• ഐ.സി.ടി യുടെ സഹായത്തോടെ കുട്ടികൾക്ക് പ്രചോദനം,[illegible] വിശ്രമം എന്നിവ നൽകുന്നു. വീഡിയോ പ്രദർശനം | ജൂൺ മുതൽ നവംബർ വരെ | അധ്യാപകർ<br>IED ടീച്ചർ<br>എസ്.ആർ.ജി<br>PTA |

| | | | | |
|---|---|---|---|---|
| 5 | യാത്ര | • പഠനയാത്ര<br>• കലാകാരൻമാരുമായി അഭിമുഖം<br>• മാപ്പിള കലാ അക്കാദമി<br>• തിരൂർ വ്യവസായം | ഒരു ദിവസം | അധ്യാപകർ<br>PTA |
| 6 | ടാലന്റ് ടെസ്റ്റ് | • അന്താരാഷ്ട്ര അറബിക് ദിനത്തോടനുബന്ധിച്ച് | ഡിസംബർ 18 | അധ്യാപകർ<br>എസ്.ആർ.ജി |
| 7 | കവിതാസ്വാദന സദസ്സ് | • അറബിക് ഗാനം<br>• കവികളെ കണ്ടെത്തൽ, ആദരിക്കൽ<br>• മത്സരങ്ങൾ<br>• പ്രോത്സാഹന സമ്മാനം | ആഗസ്റ്റ് 13 | അധ്യാപകർ<br>എഴുത്തുകാർ |
| 8 | പുതിയ വാക്ക് | • ദിവസവും ഓരോ പുതിയ വാക്കുകളും അതിന്റെ അർത്ഥവും അറബിക് ക്ലബ്ബ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു | ജൂൺ മുതൽ ഡിസംബർ വരെ | അധ്യാപകർ |
| 9 | ക്വിസ്സ് | • പൊതു വിജ്ഞാനം വർധിപ്പിക്കുവാൻ വിവിധ ചോദ്യങ്ങൾ എല്ലാ ആഴ്ചയിലും പ്രദർശിപ്പിക്കുന്നു | ജൂൺ മുതൽ ഡിസംബർ വരെ | അധ്യാപകർ<br>എസ്.ആർ.ജി |
| 10 | ദിനാചരണങ്ങൾ | • ജൂൺ മുതൽ ജനുവരി വരെയുള്ള വിവിധ ദിനാചരണങ്ങൾ നടത്തപ്പെടുന്നു. | ജൂൺ മുതൽ ജനുവരി വരെ | അധ്യാപകർ<br>PTA |
| 11 | ഡിജിറ്റൽ മാഗസിൻ | • അറബിക് ടൈപ്പിംഗ് പരിശീലനം<br>• കുട്ടികളുടെ രചനകൾ ശേഖരിക്കുന്നു<br>• കുട്ടികൾക്ക് ചുമതലകൾ നൽകുന്നു | ജൂൺ മുതൽ സെപ്റ്റംബർ വരെ | അധ്യാപകർ<br>എസ്.ആർ.ജി |

# പ്രവർത്തന പദ്ധതി മാർഗരേഖ

# ഉറുദു



# പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഭാഷ കേൾക്കൽ, ആസ്വദിക്കൽ | ഭാഷ കേൾക്കൽ, ആസ്വദിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ സഹായത്തോടെ കഥ, കവിത, ഗസൽ, സംഭാഷണ ക്ലിപ്പുകൾ കേൾപ്പിക്കൽ, ബാല സഭ സംഘടിപ്പിക്കൽ. | മാസത്തിൽ ഒരു പിരിയഡ് | സബ്ജക്ട് കൗൺസിൽ, ഉർദു ക്ലബ്ബ് പ്രവർത്തകർ. |
| 2 | വായന | എട്ടാം തരം കഴിഞ്ഞു പുറത്തിറങ്ങുന്ന എല്ലാ കുട്ടികൾക്കും ഉർദു ഒഴുക്കോടെ വായിക്കാൻ കഴിയും എന്ന് ഉറപ്പാക്കൽ.വായന മത്സരങ്ങൾ നടത്താൻ ബാല മാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വർഷം | സബ്ജക്ട് കൗൺസിൽ |
| 3 | ഭംഗിയുള്ള കൈയ്യെഴുത്ത് | ■ ഉർദുവിൽ ഭംഗിയുള്ളതും മികച്ചതുമായ കൈയെഴുത്ത് എന്ന ലക്ഷ്യ പൂർത്തീകരണത്തിന് വേണ്ടി പ്രത്യേക പരിശീലനം<br>■ ക്ലാസ്സ് കൈയ്യെഴുത്ത് മാസിക<br>■ ചുമർ പത്രിക നിർമ്മാണം<br>■ വായന കാർഡ് നിർമ്മാണം | എല്ലാ മാസവും<br>ടേം ൽ 1 വീതം | ക്ലാസ്സ് തല റിസോഴ്സ് ഗ്രൂപ്പ് |
| 4 | ഉർദു പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി നോട്ടീസ് ബോർഡിൽ ഓരോ ആഴ്ചയിലും ചോദ്യങ്ങളും ഉത്തരങ്ങളും പ്രദർശിപ്പിക്കൽ, ഇതിലെ ചോദ്യങ്ങൾ ഉൾപ്പെടുത്തി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ | എല്ലാ മാസവും | ഉർദു ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 5 | ഗസൽ & മുഷാഇറ | ഉർദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും ഗസൽ പരിശീലനം സംഘടിപ്പിക്കുക | സെപ്റ്റംബർ | SRG |
| 6 | ഉർദു പത്രം | ക്ലാസ്സ് തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി ഡിജിറ്റൽ സുവനീർ തയ്യാറാക്കൽ | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് |
| 7 | സാഹിത്യ ക്യാമ്പ് | കുട്ടികളുടെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് വേണ്ടി കഥ,കവിത, ഉപന്യാസ ക്യാമ്പുകൾ നടത്തുക | ഒക്ടോബർ | ഉർദു സബ്ജക്ട് കൗൺസിൽ |
| 8 | നാടക പരിശീലനം | പാഠപുസ്തകത്തിലെ നാടകങ്ങളെയും കഥകളെയും അടിസ്ഥാനപ്പെടുത്തി സ്ക്രിപ്ട് തയ്യാറാക്കി കുട്ടികളിലെ അഭിനയ കഴിവ് പരിപോഷിപ്പിക്കും വിധം പരിശീലനം സംഘടിപ്പിക്കൽ | ഡിസംബർ | ഉർദു സബ്ജക്ട് കൗൺസിൽ |
| 9 | രക്ഷാകൃത്ത ബോധവത് കരണ ക്ലാസ്സ് | ഉർദു പഠനത്തിൽ കുട്ടികളെ സഹായിക്കാനുതകും വിധം ഉർദു പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കൽ | ആഗസ്റ്റ്<br>ഫെബ്രുവരി | ഉർദു സബ്ജക്ട് കൗൺസിൽ, |
| 10 | ഭാഷാ പ്രചാരണം, അഡ്മിഷൻ വർധിപ്പിക്കൽ | ഉർദു ഭാഷാ പ്രചാരണവും സ്കൂളുകളിലേക്ക് ഉർദു പഠിക്കുന്ന കുട്ടികളെ ആകർഷിക്കുവാനും സമീപ പ്രൈമറി സ്കൂളുകളിലും രക്ഷിതാക്കൾക്കിടയിലും ലഘുലേഖ വിതരണം നടത്തുക | ഏപ്രിൽ<br>മെയ് | ഉർദു സബ്ജക്ട് കൗൺസിൽ, ഉർദു ക്ലബ്ബ് പ്രവർത്തകർ. |

# പ്രവർത്തന പദ്ധതി മാർഗരേഖ

# സംസ്കൃതം



# പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | മുന്നൊരുക്കം<br>പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യ നിർമ്മാണം<br>കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു.<br>ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് ക്ലാസ്സ് ആകർഷകമാക്കുന്നു | ജൂൺ മാസം മുതൽ ആഗസ്ത് വരെ | പുസ്തകങ്ങൾ, മൊഡ്യൂൾ, വീഡിയോ സി. ഡി. ചിത്രങ്ങൾ. | വിഷയ സമിതി<br>PTA |
| 2 | വായനാ - ഭാഷണക്കളരി | • വിദ്യാർത്ഥികളെ മികച്ച വായനക്കാരാക്കുക<br>• ലൈബ്രറി നവീകരണം<br>• സംസ്കൃതം കേൾക്കാനും പറയാനുമുള്ള അവസരം<br>• ലഘുവായ പഠന തന്ത്രങ്ങളുടെ ആവിഷ്ക്കരണം | ജൂലൈ മുതൽ ഡിസംബർ വരെ | പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, സംഭാഷണ സോപാനത്തിന്റെ സി.ഡി, വീഡിയോ. | PTA<br>CLUB<br>(SANSKRIT) |
| 3 | സാഹിത്യ ശില്പശാല | ➢ വിദ്യാർത്ഥികളുടെ രചനാ കഴിവുകളെ പ്രോത്സാഹിപ്പിക്കൽ<br>➢ കഥകളും കവിതകളും കേൾക്കാനും കാണാനുമുള്ള അവസരം<br>➢ രചനാ പരിശീലനം<br>➢ രചനാ നിർമ്മാണം | ജൂലൈ മുതൽ ഡിസംബർ വരെ | പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, ലൈബ്രറി, വിദഗ്ദ്ധരായ സംസ്കൃത | BRC<br>PTA<br>SCERT |

| | | | | | |
|---|---|---|---|---|---|
| | | ➢ മികവുകൾക്ക് പ്രോത്സാഹന സമ്മാനം<br>➢ വിദഗ്ധരായ സംസ്കൃത അധ്യാപകരുടെ ക്ലാസ്സ് | | അധ്യാപകരുടെ ക്ലാസ്സ് | |
| 4 | പുതിയ വാക്ക് | ദിവസവും ഓരോ പുതിയ വാക്കും അതിന്റെ അർത്ഥവും സംസ്കൃതം ക്ലബ്ബിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.<br>ഓരോ ക്ലാസ്സിനും പ്രത്യേക ചുമതല നൽകുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | ബുള്ളറ്റിൻ ബോർഡ് | അധ്യാപകർ |
| 5 | ദിനാചരണങ്ങൾ | → ജൂൺ മുതൽ ജനുവരി 26 വരെയുള്ള വിവിധ ദിനാചരണങ്ങൾ നടത്തപ്പെടുന്നു.<br>→ സംസ്കൃത ദിനാചരണം, രാമായണ മാസാചരണം എന്നിവ വളരെ വിപുലമായ പരിപാടികളോടെ നടത്തപ്പെടുന്നു | ജൂൺ മുതൽ ജനുവരി വരെ. | YEAR BOOK | അധ്യാപകർ |
| 6 | കായിക സംസ്കൃതം (പഠനം കളിയിലൂടെ ) | കുട്ടികൾക്ക് കളിയിലൂടെ പഠനം സാധ്യമാക്കുന്നു<br>കുട്ടികളെ കുറിച്ചുള്ള അറിവ് നൽകൽ<br>കുട്ടികൾക്കിടയിൽ സംസ്കൃത സംഭാഷണം<br>വീഡിയോ ഓഡിയോ ചിത്രങ്ങൾ പ്രദർശിപ്പിക്കാൻ സംസ്കൃത മാസികകളിലെ പദപ്രശ്നം പൂരിപ്പിക്കുന്നു. | ജൂലൈ മുതൽ ഡിസംബർ വരെ | വീഡിയോ, ഓഡിയോ, സംസ്കൃത പ്രസിദ്ധീകരണങ്ങൾ. | PTA<br>അധ്യാപകർ |
| 7 | പഠന യാത്ര - കലാമണ്ഡലം സംസ്കൃത | ✓ പാരമ്പര്യത്തെ കലാരൂപങ്ങൾ പരിചയപ്പെടൽ, | | സി.ഡി. ഫോട്ടോസ്, യാത്രാ | കലാമണ്ഡലം<br>PTA<br>BRC |

| | | | | | |
|---|---|---|---|---|---|
| | സർവകലാശാല, ശങ്കരസ്തൂപം | ✓ ഡെമോൺസ്ട്രേഷൻ,<br>✓ കലാകാരന്മാരുമായി അഭിമുഖം,<br>✓ സംസ്കൃത മേഖലയിൽ പ്രാവീണ്യം നേടിയ മഹാന്മാരുടെ ഭവനങ്ങൾ, സ്മാരകങ്ങൾ, കലാകേന്ദ്രങ്ങൾ മുതലായവ സന്ദർശിക്കുക | വർഷത്തിൽ ഒരു തവണ | വിവരണം, അഭിമുഖ ചോദ്യാവലി | സംസ്കൃത സർവകലാശാല, |
| 8. | നാടക ശില്പശാല | നാടകങ്ങൾ, സംസ്കൃത നാടകങ്ങൾ കാണാനുള്ള അവസരം<br>മികച്ച നാടക ലേഖകരുടെയും അഭിനേതാക്കളുടെയും പങ്കാളിത്തത്തോടെയുള്ള ക്ലാസ്സുകൾ<br>അഭിനയ പരിശീലനം<br>സംസ്കൃത നാടക സംഘരൂപീകരണം | വർഷത്തിൽ ഒരു തവണ | വീഡിയോ, ഓഡിയോ, ഡെമോൺസ്ട്രേഷൻ | നാടകം നാടക പ്രവർത്തകർ അധ്യാപകർ |
| 9. | സംസ്കൃത പ്രദർശിനി | ➢ പച്ചക്കറികൾ, പഴങ്ങൾ, നിത്യോപയോഗ സാധനങ്ങൾ, ദശപുഷ്പങ്ങൾ എന്നിവയുടെ ശേഖരണം.<br>➢ ശേഖരിച്ചവയുടെ പേരുകൾ സംസ്കൃതത്തിലെഴുതൽ ഇവയുടെ പ്രദർശനം. | വർഷത്തിൽ ഒരു തവണ | പച്ചക്കറികൾ, പഴങ്ങൾ, നിത്യോപയോഗ സാധനങ്ങൾ, ദശപുഷ്പങ്ങൾ | PTA അധ്യാപകർ |
| 10 | ഡിജിറ്റൽ മാഗസിൻ | → സംസ്കൃതം ടൈപ്പിംഗ് പരിശീലനം<br>→ സ്ലൈഡ് നിർമ്മാണം<br>→ ഗാനം റെക്കോർഡിംഗ് | ജൂൺ മുതൽ സെപ്റ്റംബർ വരെ | കമ്പ്യൂട്ടർ, പ്രിന്റർ | PTA അധ്യാപകർ |

# പ്രവർത്തന പദ്ധതി മാർഗരേഖ

# ഇംഗ്ലീഷ്



# ACADEMIC MASTER PLAN ENGLISH 2024-25

# D.H.O.H.S.S POOKKARATHARA

## പ്രവർത്തനം -1 THOUGHT OF THE DAY

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹികവും സാന്മാർഗികവുമായ അവബോധം സൃഷ്ടിക്കൽ ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തൽ | എല്ലാ ക്ലാസ്സുകളിലും ഓരോകുട്ടികൾ മൂന്നു മിനിറ്റ് നേരം സമകാലീന വിഷയത്തെ പറ്റിയുള്ള അവരുടെ ചിന്തകൾ അവതരിപ്പിക്കുന്നു | ദൈനംദിന പ്രവർത്തനം | ഇംഗ്ലീഷ് അദ്ധ്യാപകർ | |

## പ്രവർത്തനം -2 MY OWN DICTIONARY

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പദസമ്പത്ത് വർധിപ്പിക്കൽ | കുട്ടികൾ ഓരോ പാഠഭാഗത്തു നിന്നും പുതുതായി പഠിക്കുന്ന വാക്കുകൾ ഉൾകൊള്ളിച്ചു കൊണ്ട് സ്വന്തമായി അർഥം കണ്ടെത്തി ഡിക്ഷണറി നിർമിക്കുന്നു | ദൈനംദിന പ്രവർത്തനം | ഇംഗ്ലീഷ് അദ്ധ്യാപകർ | |

## പ്രവർത്തനം -3 ENGLISH DIARY

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ദൈനംദിന പ്രവർത്തനം | ഇംഗ്ലീഷ് അദ്ധ്യാപകർ | |

## പ്രവർത്തനം -4 PUZZLE MAKING

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കാലികളിലൂടെയുള്ള ഭാഷ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു . കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അദ്ധ്യാപകർ | |

## പ്രവർത്തനം-5 READING COMPETITIONS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശരിയായ വായനാരീതി വികസിപ്പിച്ചെടുക്കൽ | കുട്ടികളിൽ ശരിയായ വായനാരീതി വികസിപ്പിച്ചെടുക്കൽ ഇംഗ്ലീഷ് ക്ലബിന്റെ ആഭിമുഖ്യത്തിൽ വിവിധ തരത്തിലുള്ള വായനമത്സരങ്ങൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അദ്ധ്യാപകർ | |

## പ്രവർത്തനം -6 ENGLISH FEST

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയുവാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | രണ്ടു അവധി ദിവസങ്ങളിൽ കുട്ടികളെ കൊണ്ട് പലതരത്തിലുള്ള പ്രവർത്തനങ്ങൾ വേദിയിൽ അവതരിപ്പിക്കുന്നു | രണ്ട് ദിവസം | പി.ടി.എ , എച്ച്.എം. എസ് .ആർ .ജി ഇംഗ്ലീഷ് അദ്ധ്യാപകർ | 5000 പി.ടി.എ , എച്ച്.എം, അദ്ധ്യാപകർ |

## പ്രവർത്തനം -7 SPOKEN ENGLISH TRAINING

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ | ക്ലബ് അംഗങ്ങൾക്ക് മികച്ച | | ഇംഗ്ലീഷ് കൺവീനർ | 5000 സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| ഭാഷ നൈപുണ്യം വർധിപ്പിക്കൽ | സ്പോക്കൺ ഇംഗ്ലീഷ് ട്രെയിനിങ് നൽകുന്നു | മാസത്തിൽ ഒരു തവണ | | |

## പ്രവർത്തനം -8 AWARENESS AND MOTIVATION CLASSES FOR PARENTS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പിക്കൽ | ഇംഗ്ലീഷ് ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രത്യേക ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ രണ്ട് തവണ | ഇംഗ്ലീഷ് കൺവീനർ എസ് .ആർ .ജി | 1000 പി.ടി.എ |

## പ്രവർത്തനം 9-ENGLISH THEATER

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുക | പാഠഭാഗങ്ങളെ ആസ്പദമാക്കി സ്കിറ്റ് ,ഡ്രാമ,റോൾ പ്ലേ എന്നിവ അവതരിപ്പിക്കുന്നു സ്ക്രിപ്റ്റ് തയ്യാറാക്കി അഭിനയിച്ചു ഷൂട്ട് ചെയ്തു മികവാർന്ന രീതിയിൽ പ്രദർശിപ്പിക്കുന്നു | മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് അദ്ധ്യാപകർ | |

## പ്രവർത്തനം- 10 GRAMMAR SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവ് നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിനു പ്രാധാന്യം | പ്രതിവർഷം 10 ക്ലാസ് | ഇംഗ്ലീഷ് അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| | നൽകിയുള്ള ക്ലാസുകൾ | | | |

## പ്രവർത്തനം- 11 ENGLISH CORNER

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ വായിച്ച പുസ്തകങ്ങളുടെ ആസ്വാദന കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | |

## പ്രവർത്തനം -12 ENGLISH MAGAZINE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ സർഗാത്മക രചനകൾ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ ഒരുതവണ | ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി | 5000 സ്പോൺസർഷിപ്പ് |

# പ്രവർത്തന പദ്ധതി മാർഗരേഖ

# ഹിന്ദി




# പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പേര്, മേൽ വിലാസം, സ്കൂൾ, ക്ലാസ് എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള കാർഡ് കുട്ടികൾക്ക് നൽകുന്നു | ജൂൺ | വിഷയസമിതി<br>IED ടീച്ചർ |
| 2 | അക്ഷരക്കളരി | നിത്യ ജീവിതവുമായി ബന്ധപ്പെട്ട വാക്കുകൾ പരിചയപ്പെടുത്തി അക്ഷരങ്ങൾ കൂട്ടി വായിക്കാൻ പ്രാപ്തരാക്കുന്നു | ജൂൺ 18 മുതൽ | ഹിന്ദി അധ്യാപകർ |
| 3 | ബുള്ളറ്റിൻ ബോർഡ് | ബുള്ളറ്റിൻ ബോർഡ് സജ്ജീകരിച്ച് കുട്ടികളുടെ സർഗാത്മക കഴിവുകൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു | ജൂൺ 18 മുതൽ | ഹിന്ദി അധ്യാപകർ |
| 4 | ദിനാചരണങ്ങൾ | ദിനാചരണങ്ങൾ ക്വിസ്സ് തുടങ്ങിയ പ്രവർത്തനങ്ങളുമായി സംഘടിപ്പിച്ച് നടത്തുന്നു | ജൂൺ 18 മുതൽ | വിഷയസമിതി<br>HM<br>എസ്.ആർ.ജി |
| 5 | എന്റെ ഹിന്ദി നോട്ടുപുസ്തകം | ഓരോ കുട്ടിയും ഹിന്ദി നോട്ടുപുസ്തകം ഭംഗിയായും ആകർഷകവുമാക്കുന്നു. രക്ഷിതാക്കളുടെ സഹായത്തിനായി അറിയിക്കുന്നു. | ജൂൺ 18 മുതൽ | ഹിന്ദി അധ്യാപകർ<br>രക്ഷിതാക്കൾ |
| 6 | ഹിന്ദി പ്രദർശിനി | പഴങ്ങൾ, പച്ചക്കറികൾ, പക്ഷികൾ, മൃഗങ്ങൾ ഹിന്ദിയിൽ ഇവയുടെ പേരുകൾ ചിത്ര സഹിതം ശേഖരിക്കുന്നു. | വർഷത്തിൽ 2 തവണ | HM<br>ഹിന്ദി അധ്യാപകർ<br>രക്ഷിതാക്കൾ |
| 7 | സംഭാഷണം ഹിന്ദിയിൽ | പഠന സമയം നഷ്ടപ്പെടുത്താതെ പരസ്പരം ഹിന്ദിയിൽ സംസാരിക്കാനുള്ള അവസരം നൽകുന്നു.<br>ഹിന്ദി സംസാരിക്കുന്നവരുമായി ആശയവിനിമയം നടത്താനുള്ള അവസരം നൽകുന്നു | ജൂൺ 18 മുതൽ | ഹിന്ദി അധ്യാപകർ<br>രക്ഷിതാക്കൾ<br>ഹിന്ദി സംസാരിക്കുന്നവർ |
| 8 | ഹിന്ദി ഡയറി | ഓരോ ആഴ്ചയിലെയും സംഭവങ്ങളെ ക്രോഡീകരിച്ച് തിങ്കളാഴ്ച്ച ഡയറി അവതരിപ്പിക്കുന്നു | ജൂലൈ മുതൽ | ഹിന്ദി അധ്യാപകർ<br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| 9 | I C T ഉപയോഗം | പഠനാവശ്യങ്ങൾ I C T സഹായത്തോടെ ലളിതമാക്കുന്നു | ജൂൺ മുതൽ | HM<br>ടീച്ചർ<br>PTA<br>മാനേജ്മെന്റ്<br>പൂർവ്വ വിദ്യാർത്ഥികൾ |
| 10 | ഫിലിം ക്ലബ്ബ് | ഹിന്ദി ഫിലിം ക്ലബ്ബ് രൂപീകരിക്കുന്നു<br>ഓരോ മാസവും കുട്ടികളുമായി ബന്ധപ്പെട്ട ഫിലിം പഠന സമയം നഷ്ടപ്പെടുത്താതെ എല്ലാ കുട്ടികൾക്കും കാണാനുള്ള അവസരം നൽകുന്നു | വർഷത്തിൽ 4 തവണ | HM<br>ടീച്ചർ<br>PTA<br>മാനേജ്മെന്റ്<br>പൂർവ്വ വിദ്യാർത്ഥികൾ |
| 11 | ഹിന്ദി കലോത്സവം | ഓണം കുട്ടിയും ഹിന്ദി ദിനാഘോഷം നടക്കുന്ന സമയത്ത് കുട്ടികളുടെ മികച്ച പ്രകടനത്തോടെ കലോത്സവം നടത്തുന്നു | സെപ്റ്റംബർ | HM<br>അധ്യാപകർ<br>PTA |
| 12 | ഹിന്ദി കയ്യെഴുത്ത് മാസിക | ജൂൺ മാസം മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ ഉൽപന്നങ്ങൾ അസംബ്ലിയിൽ പൊതു വേദിയിൽ പ്രകാശനം ചെയ്യുന്നു | ജൂൺ മുതൽ ഡിസംബർ വരെ | ഹിന്ദി അധ്യാപകർ<br>രക്ഷിതാക്കൾ |
| 13 | കളിയും കാര്യവും | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് [IED] മിച്ചമുള്ള സഹായത്തോടെ വൈകല്യങ്ങൾ കണ്ടെത്തി ക്ലാസ്സുകൾ നൽകൽ, IED വിദ്യാർത്ഥികൾക്കായി വിഡിയോ, ഓഡിയോ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ | ജൂൺ മുതൽ | വികസന സമിതി<br>HM<br>റിസോഴ്സ് ടീച്ചർ<br>PTA |

# പ്രവർത്തന പദ്ധതി മാർഗരേഖ

# ഗണിത ശാസ്ത്രം



# ACADEMIC MASTER PLAN – MATHEMATICS

## 2025-26

## Learn Math, Live Math, Love Math

**Vision**

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

**Mission**

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.
- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാദമിക്, നോൺ അക്കാദമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്- ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുഭുജങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പ്<br>• Weekly Maths Journal പ്രസിദ്ധീകരിക്കൽ<br>• Maths Talent Test |
| AUGUST | ബഹുഭുജങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gebra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ലാ ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Puzzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing. Write a letter to zero)<br>• Nov 4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കൽ, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞുനോട്ടം |

HOD
Maths Department

# പ്രവർത്തന പദ്ധതി മാർഗരേഖ
# സാമൂഹ്യ ശാസ്ത്രം




# പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| | | **ഉപമേഖല - പാർലമെന്റ് ഇലക്ഷൻ** | | |
| 1 | ഇന്ത്യൻ ജനാധിപത്യത്തിലെ തെരഞ്ഞെടുപ്പ് രീതികൾ പരിചയപ്പെടുത്തൽ | നാമനിർദ്ദേശ പത്രിക സമർപ്പണം, പ്രചരണം, ബാലറ്റ് പേപ്പർ, തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർ, ഇലക്ഷൻ ഡ്യൂട്ടി, വോട്ടെടുപ്പ്, ഫലപ്രഖ്യാപനം etc യിലൂടെ ഇലക്ഷൻ നടത്തുന്നു. ✓ | ജൂൺ | സോഷ്യൽ സയൻസ് സബ്ജക്ട് കൗൺസിൽ & ടീച്ചേഴ്സ് |
| | | **ഉപമേഖല - മോഡൽ പാർലമെന്റ്** | | |
| 2 | നേതൃപരിശീലനം, ഇന്ത്യൻ പാർലമെന്റിന്റെ രീതികൾ പരിശീലിക്കൽ, അച്ചടക്കം, ക്ലീനിംഗ് & ആരോഗ്യ വിഷയങ്ങളിൽ ഇന്ത്യൻ ജനാധിപത്യ രീതിയിൽ കുട്ടികളുടെ പങ്കാളിത്തം. | തെരഞ്ഞെടുത്ത ലീഡർമാരുടെ മീറ്റിംഗ് കൂടി മുഖ്യമന്ത്രി, സ്പീക്കറെ തെരഞ്ഞെടുക്കുന്നു. അംഗങ്ങളുടെ സത്യപ്രതിജ്ഞ നടത്തുന്നു. സ്കൂൾ ലീഡർ, വിവിധ വകുപ്പുകളുടെ ചുമതലയുള്ള മന്ത്രിമാർ, സ്പീക്കർ, ചീഫ് സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കുന്നു.ചോദ്യം ചെയ്യാനും മറുപടി നൽകാനും അവസരം. ✓ | മാസത്തിൽ 1 തവണ | സോഷ്യൽ സയൻസ് സബ്ജക്ട് കൗൺസിൽ |
| | | **ഉപമേഖല - പരിസ്ഥിതി സംരക്ഷണം** | | |
| 3 | പരിസ്ഥിതി സംരക്ഷണ ബോധവത്കരണം. | പരിസ്ഥിതി ദിനത്തിൽ സ്കൂളിൽ തൈ നടുകയും ക്ലബ്ബ് രൂപീകരണത്തോടൊപ്പം ക്ലബ്ബ് മെമ്പർമാർ സ്വന്തം വീട്ടുവളപ്പിൽ ഒരു മരമെങ്കിലും നട്ട് പരിപാലിക്കണം. അതിന്റെ വളർച്ചയെ സംബന്ധിച്ച വിവരങ്ങൾ ലീഡർമാർ വഴി സ്കൂൾ പാർലമെന്റിൽ അവതരിപ്പിക്കുന്നു. ✓ | ജൂൺ മുതൽ സ്കൂൾ പാർലമെന്റിന്റെ അവസാനം വരെ. | സോഷ്യൽ സയൻസ് സബ്ജക്ട് കൗൺസിൽ<br>സോഷ്യൽ സയൻസ് ക്ലബ്ബ് & സ്കൂൾ പാർലമെന്റ് |
| | | **ഉപമേഖല - ലൈബ്രറി ശാക്തീകരണം** | | |
| 4 | വായനാശീലം വളർത്തൽ, ഭാഷാ സ്നേഹം വളർത്തൽ | വായനാ വാരത്തോടനുബന്ധിച്ച് ഒരു കുട്ടി ഒരു പുസ്തകമെങ്കിലും ലൈബ്രറിയിലേക്ക് നൽകുക. ലൈബ്രറി പിരീയഡുകളിൽ പുസ്തകം പരിചയപ്പെടുക. ✓ | ജൂൺ 21 മുതൽ 10 ദിവസം | സോഷ്യൽ സയൻസ് ക്ലബ്ബ് മെമ്പർമാർ & ക്ലാസ്സ് ടീച്ചേഴ്സ് |
| | | **ഉപമേഖല - ലോക ജനസംഖ്യാ ദിനം. ജൂലൈ -11** | | |
| 5 | ജനസംഖ്യാ വർദ്ധനവിന്റെ ഗുണങ്ങളും ദോഷങ്ങളും പരിചയപ്പെടൽ. | ലോക ജനസംഖ്യാ ദിനത്തോടനുബന്ധിച്ച് സ്കൂൾ പാർലമെന്റിൽ സംവാദം നടത്തുന്നു. ഗുണങ്ങളും ദോഷങ്ങളും വ്യത്യസ്ത അംഗങ്ങൾ അവതരിപ്പിക്കുന്നു. ക്ലബ്ബ് ചാർജുള്ള അധ്യാപകർ ക്രോഡീകരിക്കുന്നു. | ജൂലൈ 11 നു ശേഷം | സോഷ്യൽ സയൻസ് ക്ലബ്ബ് സെക്രട്ടറി & സ്കൂൾ പാർലമെന്റ് |

| | | | | |
|---|---|---|---|---|
| **ഉപമേഖല - യുദ്ധ വിരുദ്ധ ദിനം - ഹിരോഷിമ ദിനം** | | | | |
| 6 | യുദ്ധ വിരുദ്ധ മനോഭാവം വളർത്തൽ | മോർണിംഗ് അസ്സംബ്ലിയിൽ യുദ്ധ വിരുദ്ധ സന്ദേശം നൽകുക. പ്രത്യേക അതിഥിയെ ക്ഷണിച്ച് സംസാരിപ്പിക്കുക | ആഗസ്ത് 6 | സോഷ്യൽ സയൻസ് ക്ലബ്ബ് & സെക്രട്ടറി |
| **ഉപമേഖല - വൃദ്ധ ദിനം ഒക്ടോബർ- 1** | | | | |
| 7 | വൃദ്ധന്മാരെ ആദരിക്കേണ്ടതെന്ന മനോഭാവം വളർത്താൻ | വാർഡ് മെമ്പറുടെ സഹായത്തോടെ വാർഡിലെ ഏറ്റവും പ്രായം ചെന്ന മൂന്ന് വൃദ്ധന്മാരെ കണ്ടെത്തി ആദരിക്കൽ, പൊന്നാട അണിയിക്കൽ | ഒക്ടോബർ 6 | സോഷ്യൽ സയൻസ് ക്ലബ്ബ് |
| **ഉപമേഖല - ഷെയർ ടീച്ചിംഗ്** | | | | |
| 8 | കുട്ടികൾക്ക് വ്യത്യസ്തമായ പഠനാനുഭവം നൽകൽ. | ഒരു ടേമിൽ ചുരുങ്ങിയത് ഒരു പീരിയഡ് എങ്കിലും ചാർജില്ലാത്ത അധ്യാപകർ ക്ലാസ് നൽകൽ. സബ്സ്റ്റിറ്റ്യൂഷൻ പീരിയഡുകൾ പരമാവധി ഉപയോഗപ്പെടുത്തൽ. | ടേമിൽ 1 തവണ | സോഷ്യൽ സയൻസ് ടീച്ചേഴ്സ് |
| **ഉപമേഖല - QUICK EXAM** | | | | |
| 9 | ക്ലാസ്സ് റൂം പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുക, കുട്ടികളുടെ ഓർമ്മ ശക്തി അളക്കുക, പരീക്ഷാ ക്രമക്കേടില്ലാത്ത പരീക്ഷാ പരിശീലനം | മുന്നറിയിപ്പില്ലാതെ അധ്യാപകർ ക്ലാസ്സിൽ പരീക്ഷ നടത്തുന്നു.( 10th ക്ലാസ്സിൽ ) | ഒരു ടേമിൽ ഒന്ന് | സോഷ്യൽ സയൻസ് ടീച്ചേഴ്സ് |
| **ഉപമേഖല - നിയമ ബോധവൽക്കരണ ക്ലാസ്സ്** | | | | |
| 10 | നിയമങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | 8,9 ക്ലാസ്സിലെ കുട്ടികൾക്ക് നിയമ പാലകരെ വിളിച്ച് വരുത്തി ബോധ വൽക്കരണ ക്ലാസ്സ് നൽകുക. | നവംബർ മാസത്തിൽ | സോഷ്യൽ സയൻസ് ക്ലബ്ബ് & സോഷ്യൽ സയൻസ് ടീച്ചേഴ്സ് |
| **ഉപമേഖല - ഓപ്പൺ ബുക്ക് എക്സാം** | | | | |
| 11 | വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളിൽ പാഠഭാഗങ്ങൾ പരിചയപ്പെടൽ. | വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ഒരു ടേമിൽ ഒരു പരീക്ഷ നടത്തുന്നു പാഠഭാഗങ്ങൾ വായിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിൽ ചോദ്യങ്ങൾ തയ്യാറാക്കുന്നു | ഒരു ടേമിൽ ഒന്ന് | സോഷ്യൽ സയൻസ് ടീച്ചേഴ്സ് |
| **ഉപമേഖല - റിപ്പബ്ലിക് ഡേ** | | | | |
| 12 | ഭരണഘടന സംരക്ഷണ ബോധം വളർത്തൽ | റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഭരണഘടനയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള പ്രഭാഷണം | ജനുവരി 26 | സോഷ്യൽ സയൻസ് ടീച്ചേഴ്സ് |

# പ്രവർത്തന പദ്ധതി മാർഗരേഖ
# ഭൗതിക ശാസ്ത്രം




# പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1 | ശാസ്ത്രാവബോധം വളർത്താനുള്ള പദ്ധതികൾ | ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക | ശാസ്ത്ര ക്വിസ്സ്, ശാസ്ത്ര വായന, ശാസ്ത്ര കഥകൾ, ടാലന്റ് സെർച്ച് എക്സാമിനേഷൻ, ലഘു പരീക്ഷണങ്ങൾ പൊതു സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കാൻ, ഇൻസ്പയർ അവാർഡ്, YIP തുടങ്ങിയ ശാസ്ത്ര പരിപാടികൾക്ക് കുട്ടികളെ തയ്യാറാക്കൽ. | 1 വർഷം | ഫിസിക്സ് അധ്യാപകർ |
| 2 | ശാസ്ത്ര മേളയിലെ പ്രാതിനിധ്യം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ | ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക<br>ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക | WORKING MODEL, STILL MODEL, IMPROVISED EXPERIMENT | സെപ്റ്റംബർ ഒക്ടോബർ | ഫിസിക്സ് അധ്യാപകർ |
| 3 | ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ വളർത്താനുള്ള പദ്ധതി | അവബോധം കുട്ടികളിൽ വളർത്തുക | LED നിർമ്മാണ ശില്പശാല | ജൂലൈ | അധ്യാപകർ |
| 4 | ഫിസിക്സ് ട്രീ | ഊർജ്ജ സംരക്ഷണം<br>ശാസ്ത്ര അവബോധം | പ്ലാനറ്റേറിയം<br>സന്ദർശനങ്ങൾ | വർഷത്തിൽ ഒരു തവണ | സയൻസ് ടീച്ചേഴ്സ്, ക്ലബ്ബ് അംഗങ്ങൾ |
| 5 | ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ, ചാർട്ടുകൾ ഉൾപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കൽ | വർഷത്തിൽ ഒരു തവണ | സയൻസ് ടീച്ചേഴ്സ്, ക്ലബ്ബ് അംഗങ്ങൾ |

| | പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് / കാലാവധി | ഭൗതിക സൗകര്യം |
|---|---|---|---|---|---|
| 6 | സർഗ്ഗാത്മക പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കാനുള്ള പദ്ധതികൾ | ശാസ്ത്രത്തിന്റെ രീതിശാസ്ത്രത മാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക | -സയൻസ് ഡ്രാമ<br>-കഥ<br>-കവിത<br>-കാർട്ടൂൺ<br>-പോസ്റ്റർ<br>-കൊളാഷ്<br>-പ്രസംഗം<br>-ഉപന്യാസം<br>-നിർമ്മിതിനിർമ്മിതി | VIII,IX,X ക്ലാസിലെ പ്രത്യേക വിദ്യാർത്ഥി ഗ്രൂപ്പ് പ്രിയർഗ്രൂപ്പ് | സയൻസ് കോർണർ, ഹാൾ |
| 7 | ഓരോ കുട്ടിക്കും വ്യക്തിഗതമായി പ്രാക്ടിക്കൽ ചെയ്യുവാനുള്ള സൗകര്യങ്ങൾ ഒരുക്കുവാനുള്ള പദ്ധതികൾ | മുകളിൽ പ്രസ്താവിച്ചതിന് ഉതകും വിധം ആധുനിക സൗകര്യങ്ങളോടെയുള്ള ലാബ് സജ്ജമാക്കുക | -സ്മാർട്ട് റൂം ലാബ്<br>-വർക്കിംഗ് ടേബിൾ<br>-കെമിക്കൽ കബോർഡ്<br>-വാഷ്ബേസിൻ<br>-ഫ്രിഡ്ജ്<br>-എൽ.പി.ജി ഗ്യാസ്<br>-ഫസ്റ്റ് എയ്ഡ്<br>-അഗ്നിശമനി<br>-അപകട നിവാരണ മാർഗ്ഗ രേഖാ പ്രദർശനം. | VIII,IX,X- [illegible] 2019 | |

# പ്രവർത്തന പദ്ധതി മാർഗരേഖ

# രസതന്ത്രം




# പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- | --- |
| 1 | കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കൽ | ക്ലാസ്സ് പരീക്ഷണങ്ങൾക്ക് പുറമെ ലളിതമായ പരീക്ഷണങ്ങൾ ചെയ്യൽ, അത് പൊതു സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കാൻ<br>സ്കൂൾ തല സയൻസ് എക്സിബിഷൻ ഇൻസ്പെയർ അവാർഡ് മറ്റ് ശാസ്ത്ര പരിപാടികൾക്ക് കുട്ടികളെ തയ്യാറാക്കൽ,<br>ഗവേഷണാത്മക പ്രൊജക്റ്റ് ഏറ്റെടുത്ത് നടത്താനുള്ള പ്രോത്സാഹനം | വർഷത്തിൽ 1 തവണ<br>വർഷത്തിൽ 1 തവണ<br>അനുയോജ്യമായ സന്ദർഭങ്ങൾ | സയൻസ് ക്ലബ്ബ്<br>സയൻസ് ടീച്ചേഴ്സ്, ക്ലബ്ബ് അംഗങ്ങൾ<br>സയൻസ് ക്ലബ്ബ് അംഗങ്ങൾ |
| 2 | ലഹരി, മറ്റ് ജീവിത ശൈലി രോഗങ്ങൾ എന്നിവയെ കുറിച്ച് ബോധവാന്മാരാക്കൽ | ബോധവൽക്കരണ ക്ലാസ്സുകൾ,<br>ശാസ്ത്ര നാടകങ്ങൾ | വർഷത്തിൽ 2 തവണ<br>വർഷത്തിൽ 1 തവണ | സയൻസ് ടീച്ചേഴ്സ്<br>സയൻസ് ക്ലബ്ബ് അംഗങ്ങൾ |
| 3 | ശാസ്ത്ര മേളകളിൽ പങ്കാളിത്തം ഉറപ്പ് വരുത്തൽ | ഉപജില്ല, ജില്ല ശാസ്ത്രമേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക. | സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ | കെമിസ്ട്രി ടീച്ചേഴ്സ് |
| 4 | ഫീൽഡ് ട്രിപ്പ് | ജല ശുദ്ധീകരണ പ്ലാന്റ്, പ്ലാനറ്റോറിയം | വർഷത്തിൽ 1 തവണ | കെമിസ്ട്രി ടീച്ചേഴ്സ് വിദ്യാർത്ഥികൾ |
| 5 | ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ, കാർട്ടൂണുകൾ ഉൾപ്പെടുത്തി ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ 1 തവണ | കെമിസ്ട്രി ടീച്ചേഴ്സ് ക്ലബ്ബ് അംഗങ്ങൾ |
| 6 | മോഡൽ നിർമ്മാണ ശില്പശാല | ആറ്റം മോഡൽ ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ തയ്യാറാക്കൽ | 1 മാസം | കെമിസ്ട്രി ടീച്ചേഴ്സ് |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- | --- |
| 7 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ സേവ് ഗ്രീൻ | സ്കൂളും പരിസരവും വൃത്തിയാക്കൽ, പ്ലാസ്റ്റിക് വിമുക്തമാക്കൽ ശരിയായ രീതിയിൽ മാലിന്യ നിർമ്മാർജ്ജനം. മരങ്ങൾ നടൽ, പരിപാലിക്കൽ, മണ്ണിനെ അറിയൽ, ജലം മണ്ണ് വായു ഇവയെക്കുറിച്ച് ധാരണ നേടൽ അവ ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സഹായിക്കൽ | 1 മാസം | കെമിസ്ട്രി ടീച്ചേഴ്സ് |
| 8 | പീരിയോഡിക് ടേബിൾ വിശകലനം അന്വേഷണാത്മകത, കാര്യക്ഷമത, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ വളർത്തൽ | പീരിയോഡിക് ടേബിൾ വിശകലനം ചെയ്യിക്കൽ, ഗ്രൂപ്പ്, പീരിയഡ് എന്നീ അടിസ്ഥാനങ്ങളിലുള്ളതും ലോഹം, അലോഹം, ഉപലോഹങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തൽ രാസഭൗതിക ഗുണങ്ങൾ തയ്യാറാക്കൽ. മനുഷ്യ നിർമ്മിത മൂലകങ്ങളെ പരിചയപ്പെടൽ പ്രസിദ്ധ ശാസ്ത്രജ്ഞരുടെ സംഭാവനകൾ ലിസ്റ്റ് ചെയ്ത് ചർച്ച | 2 മാസം | കെമിസ്ട്രി ടീച്ചേഴ്സ് |
| 9 | മാനവികതയിലൂന്നിയുള്ള ശാസ്ത്രബോധം വളർത്തുക. വിവര ശേഖരണം തൽപരരാക്കുന്നു. സഹകരണ മനോഭാവം | ശാസ്ത്രനാടകം, ക്ലാസിലെ ശാസ്ത്ര ലൈബ്രറി സംഘടിപ്പിച്ച് ശാസ്ത്ര മാസിക പ്രസിദ്ധീകരണം. നമുക്ക് ചുറ്റും അടുക്കള പ്രകൃതി കാണുന്ന വസ്തുക്കളുടെ രാസനാമം രാസവാക്യം കണ്ടെത്തി പട്ടിക രൂപപ്പെടുത്തൽ ശാസ്ത്ര ആൽബം തയ്യാറാക്കൽ | 1 മാസം | കെമിസ്ട്രി ടീച്ചേഴ്സ് |
| 10 | ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കണം | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തുക ഉദാ: സോളാർ, കാറ്റ്, പുതിയ ഊർജ്ജരൂപങ്ങളെ കുറിച്ച് ധാരണനേടൽ | 1 മാസം | കെമിസ്ട്രി ടീച്ചേഴ്സ് |

# പ്രവർത്തന പദ്ധതി മാർഗരേഖ
# ബയോളജി



# പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ആരോഗ്യ സംരക്ഷണം | സൗന്ദര്യ വർദ്ധക വസ്തുക്കളും ആരോഗ്യ പ്രശ്നങ്ങളും - ബോധവത്കരണം | ഒരു ദിവസം | ടീച്ചേഴ്സ്<br>PTA |
| 2 | ഔഷധ ഉദ്യാനം | വിവിധ നക്ഷത്രങ്ങൾക്കനുസരിച്ചുള്ള ഔഷധ സസ്യങ്ങളുടെ ശേഖരണവും പരിപാലനവും . ഔഷധ സസ്യങ്ങളുടെ ശാസ്ത്രീയ നാമകരണം. | ഒരു വർഷം | സയൻസ് ക്ലബ്ബ്<br>ടീച്ചേഴ്സ് |
| 3 | ആരോഗ്യ ശീലങ്ങൾ വളർത്തൽ | ആരോഗ്യ കലണ്ടർ<br>Biology notebook- weekly monitoring<br>മാസം ______ | | teens club |

| Date | ഉണർന്ന സമയം | breakfast | lunch | [illegible] | [illegible] | കുടിച്ച വെള്ളത്തിന്റെ അളവ് | ഉറങ്ങിയ സമയം |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 4 | പോക്സോ നിയമങ്ങൾ - ബോധവത്കരണം | ലൈംഗിക അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിന് ബോധവത്കരണ ക്ലാസ്സ്<br>(നിയമപാലകർ) - police/advocate | ജനുവരി | ടീച്ചേഴ്സ്<br>PTA |
| 5 | trafic rules | സ്കിറ്റ് അവതരണം | ആഗസ്റ്റ് | ടീച്ചേഴ്സ്<br>teens club |
| 6 | പ്രതിരോധ കുത്തിവെപ്പുകൾ | Immunisation card ശേഖരണവും അതില്ലാത്ത കുട്ടികളുടെ അമ്മമാർക്കുള്ള ബോധവത്കരണവും | 6 മാസം | Nodel teachers<br>സയൻസ് ക്ലബ്ബ്<br>ആരോഗ്യ വകുപ്പ് |
| 7 | ജീവിത ശൈലി രോഗങ്ങൾ | അമ്മമാർക്കും കുട്ടികൾക്കും വേണ്ട വിധിയോടെ പ്രദർശനം ബോധവത്കരണം, സർവ്വേ നടത്തൽ. | നവംബർ<br>ഒരു ദിവസം | സയൻസ് ക്ലബ്ബ്<br>ടീച്ചേഴ്സ്<br>ആരോഗ്യ വകുപ്പ് |

| ന | | പ്രവർത്തനങ്ങൾ | ക്ലാസ്/ കാലയളവ് | പിന്തുണ |
|---|---|---|---|---|
| 8 | ലഹരിവിമുക്ത ക്യാമ്പസ് | ബോധവൽക്കരണ ക്ലാസുകൾ, പ്രദർശനങ്ങൾ, സ്കിറ്റ് അവതരണം | VIII,IX,X - എല്ലാ വർഷവും | ട്രോമാ കെയർ, PTA, പ്രാദേശിക സന്നദ്ധ ക്ലബുകൾ |
| 9 | പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് | ഗ്രീൻപ്രോട്ടോക്കോൾ പരിപൂർണ്ണമായി എല്ലാരംഗത്തും നടപ്പിൽ വരുത്തുക. പരിസരവാസികൾക്ക് തുണി സഞ്ചിവിതരണം, സന്ദേശം കൈമാറൽ | VIII,IX,X - തുടർന്നുകൊണ്ടിരിക്കുന്നു | PTA, MTA, S.M.C |
| | ജൈവമാലിന്യ സംസ്കരണം | ബയോഗ്യാസ് നിർമ്മാണം, മണ്ണിര കമ്പോസ്റ്റ് | VIII,IX,X 1 വർഷം 2020 | PTA, SMC Teachers |
| 10 11 | കൗമാര പ്രശ്നങ്ങൾ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ,കൗൺസിലിംഗ്, പ്രകൃതിദത്ത സൗന്ദര്യവർദ്ധക വസ്തുക്കൾ മുതലായവ പഠിപ്പ് തയ്യാറാക്കലും നിർമാണവും | VIII,IX,X- തുടർന്നുകൊണ്ടിരിക്കുന്നു | PTA, SMC, Teachers, ആരോഗ്യ വകുപ്പ് |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - സയൻസ്
## ഡി.എച്ച്.ഒ.എച്ച്.എസ്.എസ്, പൂക്കരത്തറ

# വിഷൻ-2026

സയൻസ് പിരീഡിൽ കുട്ടികൾ സയൻസ് ലാബ് ക്ലാസിലേക്കെത്തുന്ന രീതിയിലുള്ള ക്ലാസ് റൂം സജ്ജീകരണം.

**ക്ലാസ് റൂമിൽ സജ്ജീകരിക്കേണ്ടവ:-**

- ലാബ് സജ്ജീകരിക്കൽ
- സയൻസ് മാഗസിനുകൾ
- റിസോഴ്സ് സി.ഡികൾ
- റഫറൻസ് ബുക്കുകൾ
- പ്രൊജക്ടർ,സൗണ്ട് സിസ്റ്റം
- കംമ്പ്യൂട്ടർ ഫോർ ഇന്റർനെറ്റ്

- ഓരോ വിദ്യാർത്ഥികൾക്കും സ്വന്തമായി പഠനപ്രവർത്തനങ്ങൾ ചെയ്യുന്നതിനും വിലയിരുത്തുന്നതിനും ആവശ്യമായ ലാബ് റാക്കുകൾ.
- പരമാവധി 20 കുട്ടികൾക്ക് ഒരു സയൻസ് റൂം എന്ന രീതിയിലേക്ക് മാറ്റുക.
- നിലവിലുള്ള ആഴ്ച്ചയിലെ 2 പിരിയഡ് വർധിപ്പിക്കുകയും ആനുപാതിക മായി അധ്യാപകരെ നിയമിക്കുകയും ചെയ്യുക.
- ലാബ് സുരക്ഷാ സംവിധാനങ്ങൾ സജ്ജീകരിക്കുക.
- ലാബ് സുരക്ഷ,ഫസ്റ്റ് എയ്ഡ് എന്നിവയിൽ അധ്യാപകർക്ക് പരിശീലനം നൽകുക.
- ഓരോ ഫിസിക്കൽ സയൻസ് അധ്യാപകർക്കും ഓരോ സയൻസ് ലാബ് ക്ലാസ്റൂം സജ്ജീകരിക്കുക.
- ഓരോ കുട്ടിക്കും ലാപ്ടോപ്പ് ഉപയോഗിച്ച് ഡിജിറ്റൽ ടെക്സ്റ്റ് ഉപയോഗി ക്കുന്നതിനായി പരിശീലനം നൽകുക.

# പ്രവർത്തന പദ്ധതി മാർഗരേഖ
# വിവര സാങ്കേതിക വിദ്യ



| നം | പദ്ധതി | ലക്ഷ്യം | ചുമതല | ഭൗതിക സാഹചര്യം |
| --- | --- | --- | --- | --- |
| 1 | ഓൺലൈൻ അപേക്ഷാ സമർപ്പണ പരിശീലനം | .10-ാം ക്ലാസിന്, ഹയർസെക്കണ്ടറി വിവിധ സ്കോളർഷിപ്പുകൾക്കുള്ള ഓൺലൈൻ അപേക്ഷകൾ എന്നിവ സമർപ്പിക്കുന്നതിനുള്ള ശേഷി നേടാൻ | SRG,SITC JSITC | കമ്പ്യൂട്ടർ ലാബ് ഇന്റർനെറ്റ് |
| 2 | ബോധവൽക്കരണം | .സൈബർ സെക്യൂരിറ്റി, സോഷ്യൽ മീഡിയയുടെ ദുരുപയോഗം എന്നിവയെ സംബന്ധിച്ച അവബോധം ലഭിക്കാൻ 8,9,10 ക്ലാസുകൾക്ക് | SRG,SITC JSITC, it@school | — |
| 3 | ടൈപ്പിംഗ് പരിശീലനം | .8-ാം ക്ലാസിന് ഇംഗ്ലീഷ്,മലയാളം ഭാഷകളിൽ ടൈപ്പിംഗ് ശേഷി വർധിപ്പിക്കാൻ | അതാത് ക്ലാസിൽ ഐടി പഠിപ്പിക്കുന്ന അധ്യാപകർ | കമ്പ്യൂട്ടർ ലാബ് |
| 4 | ഹാർഡ്‌വെയർ പരിശീലനം | .10-ാം ക്ലാസിന് ഹാർഡ് വെയർ റിപ്പയറിംഗിൽ അവബോധം ലഭിക്കാൻ | SRG,SITC JSITC, it@school | കമ്പ്യൂട്ടർ ലാബ് |
| 5 | മൊബൈൽ ആപ്പ് നിർമ്മാണം | 8,9,10 ക്ലാസുകളിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് | SITC it@school | കമ്പ്യൂട്ടർ ലാബ് |
| 6 | സർഗാത്മക പ്രവർത്തനങ്ങൾ | .വിദ്യാർത്ഥികളുടെ മികച്ച രചനകൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കാൻ<br>.ഷോർട്ട് ഫിലിം തയ്യാറാക്കൽ<br>.സ്കൂൾ മികവുകളുടെ ഡോക്യുമെന്ററി തയ്യാറാക്കൽ | SITC, JSITC, വിദ്യാർത്ഥികൾ | കമ്പ്യൂട്ടർ ലാബ് |
| 7 | കമ്പ്യൂട്ടർ ലാബ് വികസനം | കമ്പ്യൂട്ടർ പഠനം കൂടുതൽ ഫലപ്രദമാക്കുന്നതിന് | SRG, PTA | |

# പ്രവർത്തന പദ്ധതി മാർഗരേഖ

# കലാ പഠനം



# അക്കാദമിക് മാസ്റ്റർ പ്ലാൻ - കലാപഠനം

സർഗ്ഗാത്മകത, നിരീക്ഷണപാടവം, ആസ്വാദനം തുടങ്ങിയവ കുട്ടികളിൽ വളർത്താൻ കലാ പഠനം അത്യന്താപേക്ഷിതമാണ്. പുതിയ പാഠ്യപദ്ധതി സമീപനത്തിൽ പൊതുവിഷയങ്ങൾക്കൊപ്പം പ്രാധാന്യം കലാ പഠനത്തിനുമുണ്ട്. സ്കൂൾ പാഠ്യപദ്ധതിയിൽ കലാപഠനത്തിന് ചിത്രം, സംഗീതം, നൃത്തം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പ്രവർത്തനങ്ങൾ

- ക്ലാസധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികളുടെ അഭിരുചി തിരിച്ചറിയുന്നു.
- ആർട്സ് ക്ലബ്ബ് രൂപീകരണം.
- കലാപഠനത്തിന് പ്രത്യേക ക്ലാസ് മുറി സജ്ജീകരിക്കൽ.
- പ്രത്യേക പരിശീലനം.
- വിദഗ്ധരുടെ സഹായം.

ലക്ഷ്യങ്ങൾ

പഠിതാവിന്റെ നൈസർഗ്ഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് കല അഭ്യസിക്കുന്നതിന് അവസരമുണ്ടാക്കുക. ആസ്വാദന നിലവാരം ഉയർത്തുന്നതിനും മറ്റു വിഷയങ്ങളുടെ പഠനം ലളിതമാക്കുന്നതിനും അവസരമുണ്ടാക്കുക. മേളകളിൽ ഉയർന്ന വിജയം കൈവരിക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | കലാ പ്രവർത്തിപരിചയ മേളകളിലെ വിവിധ ഇനങ്ങൾ പരിശീലിക്കുന്നതിനായി കലാപഠനം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കണം. അവധിദിവസങ്ങളിൽ പരിശീലനം | അവധി ദിവസങ്ങൾ | ആർട്സ് ക്ലബ് കലാധ്യാപകൻ |
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മധ്യവേനലവധിക്കാലത്ത് അഞ്ചു ദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം | മധ്യവേനലവധിക്കാലം (അഞ്ചു ദിവസം) | ആർട്സ് ക്ലബ് കലാധ്യാപകൻ |
| ചിത്രരചനാ പ്രദർശനം | കുട്ടികൾ വരച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു മറ്റു കുട്ടികളെ കൊണ്ട് ചിത്രങ്ങൾ വിശകലനവും വിലയിരുത്തലും നടത്തുന്നു | ഒഴിവു സമയങ്ങളിൽ | ചിത്രകല, ആർട്സ് ക്ലബ് |

# പ്രവർത്തന പദ്ധതി മാർഗരേഖ
# ആരോഗ്യ കായിക വിദ്യാഭ്യാസം



# അക്കാദമിക് മാസ്റ്റർ പ്ലാൻ - ആരോഗ്യകായിക വിദ്യാഭ്യാസം
## ഡി.എച്ച്.എച്ച്.എസ്.എസ്. പൂക്കരത്തറ

പ്രവർത്തനം 1
പ്രവർത്തനത്തിന്റെ പേര്: കായിക പരിശീലനം
മേഖല/ഉപമേഖല: അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കുട്ടികൾക്ക് കായിക പരിശീലനം നൽകൽ | ആഴ്ചയിൽ 3 ദിവസം | പി.ടി.എ, കായിക അധ്യാപകൻ/കോച്ച് |

പ്രവർത്തനം 2
പ്രവർത്തനത്തിന്റെ പേര്: മൈതാന നിർമ്മാണം
മേഖല/ഉപമേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും വിവിധ തരം കളികളിൽ ഏർപ്പെടാൻ കഴിയുന്ന വിശാലമായ മൈതാനം നിർമ്മിക്കൽ | 3 വർഷം | പി.ടി.എ, മാനേജ്മെന്റ് |

പ്രവർത്തനം 3
പ്രവർത്തനത്തിന്റെ പേര്: യോഗ പരിശീലനം
മേഖല/ഉപമേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | യോഗ പരിശീലനത്തിന് വേണ്ട വ്യായാമ സാമഗ്രികൾ ഉൾപ്പെടുന്ന റൂം നിർമ്മിക്കൽ | ആഴ്ചയിൽ 2 ദിവസം | പി.ടി.എ, കായിക അധ്യാപകൻ |

പ്രവർത്തനം 4
പ്രവർത്തനത്തിന്റെ പേര്: കായിക താരങ്ങൾക്ക് അവാർഡ്
മേഖല/ഉപമേഖല: അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രോത്സാഹനം | സ്കൂൾതലം, ജില്ലാതലം, സംസ്ഥാനതലം വിജയികൾക്ക് ക്യാഷ് അവാർഡും മെമെന്റോയും നൽകൽ | വർഷത്തിൽ ഒന്നുവീതം, മൂന്ന് തലങ്ങളിലെയും താരങ്ങൾക്ക് | എച്ച്.എം, കായിക അധ്യാപകൻ, പി.ടി.എ |

പ്രവർത്തനം 5
പ്രവർത്തനത്തിന്റെ പേര്: മെഡിക്കൽ ക്യാമ്പ്
മേഖല/ഉപമേഖല: ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ പരിശോധന നടത്തൽ | വർഷത്തിൽ ഒന്നുവീതം | എച്ച്.എം, പി.ടി.എ |

# പ്രവർത്തന പദ്ധതി മാർഗരേഖ

# CWSN



| ന | പ്രശ്നം | പ്രവർത്തനങ്ങൾ | ക്ലാസ്/ കാലയളവ് | സാമഗ്രി | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | സ്ക്രീനിംഗ് - വ്യത്യസ്ത മേഖലകളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ സ്ക്രീനിംഗിലൂടെ തിരിച്ചറിയുകയും, ലിസ്റ്റിലാക്കുകയും ചെയ്യുന്നു. • പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി +1, +2 നും 8,9 നും 10 ന് മാത്രമായും 2 പിരീഡുകൾ വീതം കണ്ടെത്തുന്നു. | VIII,IX- 2 മാസം ജൂൺ ജൂലായ് | റിസോഴ്സ് റൂം സ്ക്രീനിംഗ്, ടൂൾസ്, TLM, വീഡിയോ, ചിത്രങ്ങൾ | H.M, PTA, RMSA, Teachers |
| 2. | വായനാക്കളരി | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ അടിസ്ഥാന ഭാഷകളിൽ (ഹിന്ദി,മലയാളം,ഇംഗ്ലീഷ്) പ്രാവീണ്യരാക്കുക. | VIII,IX,X- XI 7 മാസം, ജൂലൈ മുതൽ ജനുവരി വരെ | റിസോഴ്സ് റൂം, പുസ്തകങ്ങൾ ചിത്രങ്ങൾ, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ | PTA, RMSA, SCHOOL LIBRERY |
| 3 | അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ | ഭിന്നമായ വിദ്യാഭ്യാസ ആവശ്യങ്ങൾ അനുസരിച്ച് വൈകല്യമുള്ള കുട്ടികൾ സ്കൂളിൽ മാനസികവും ശാരീരികവുമായ അതിർവരമ്പുകൾ ഇല്ലാതെ തന്നെ സഞ്ചരിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക. | VIII,IX 9 മാസം, ജൂലൈ മുതൽ മാർച്ച് വരെ | Resourse Room, Ramp, Rail Adaptive Toilet, Wheel chair, Talking calcula-tor, Talking com-puter, E-text book, Talking text book, Braile, Adaptive class rooms, Adaptive smart rooms, Multi sensory room | RMSA, PTA, HM, Teachers |

# ജൈവവൈവിധ്യ പാർക്ക്

- വിവിധയിനം ഔഷധസസ്യങ്ങളും ചെടികളും ഉൾപ്പെടുത്തി ജൈവവൈവിധ്യ പാർക്ക് സജ്ജീകരിക്കും.
- ബട്ടർഫ്ളൈപാർക്ക് സജ്ജീകരിക്കും.
- വിവിധതരം ഔഷധസസ്യങ്ങൾ ഉൾപ്പെടുന്ന ഔഷധോദ്യാനം.
- ഔഷധ സസ്യങ്ങൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ.
- ഉച്ചഭക്ഷണം സമീകൃതമാക്കുന്നതിന് കീടനാശിനിയേൽകാത്ത പച്ചക്കറികൾ കൃഷിചെയ്യൽ.
- സ്കൂൾ കോമ്പൗണ്ടിൽ ചുറ്റുഭാഗങ്ങളിൽ തണൽ മരങ്ങൾ വെച്ചുപിടിപ്പിക്കൽ.
- സ്കൂൾ ഫ്രണ്ട് യാർഡിൽ പൂന്തോട്ടം.
- പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഹാങ്ങിംഗ് ഗാർഡൻ നിർമിക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുക | ഒരു പ്രാവശ്യം | ലാ ഗ്രീൻ ക്ലബ് | 25000 |

# മോണിറ്ററിങ്

പ്രധാനാദ്ധ്യാപകൻ, പ്രിൻസിപ്പാൾ, പി.ടി.എ പ്രസിഡന്റ്, എസ്.ആർ.ജി കൺവീനർ എന്നിവരടങ്ങിയ മോണിറ്ററിങ് സമിതി മാസത്തിലൊരിക്കൽ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തും.

# ചുമതലകൾ

| | | |
|---|---|---|
| 1. | അക്കാദമിക് പ്രവർത്തനം | എസ്.ആർ.ജി. കൺവീനർ, സ്റ്റാഫ് സെക്രട്ടറി, വിജയശ്രീ കൺവീനർ |
| 2. | ഉച്ചഭക്ഷണം | നൂൺ ഫീഡിംഗ് കൺവീനർ |
| 3. | ലൈബ്രറി വികസനം | ലൈബ്രറി കൺവീനർ, ഭാഷാദ്ധ്യാപകർ, വിദ്യാരംഗം കൺവീനർ, ഗാന്ധിദർശൻ കൺവീനർ |
| 4. | ലാബ് വികസനം | ശാസ്ത്ര,ഗണിതശാസ്ത്ര,സാമൂഹ്യശാസ്ത്ര, ഐടി കൺവീനർമാർ |
| 5. | ഭാഷാ വികസനം | ഭാഷാ ക്ലബ് കൺവീനർമാർ |
| 6. | ഐ.ടി വികസനം | എസ്.ഐ.ടി.സി,ജോയിന്റ് എസ്.ഐ.ടി.സി |
| 7. | കലാപ്രവർത്തിപരിചയപഠനം | ചിത്രകലാധ്യാപകർ |
| 8. | കായികം | കായികാധ്യാപകർ |
| 9. | ജൈവ വൈവിധ്യ പാർക്ക് | ലാഗ്രിൻ കൺവീനർ |
| 10. | അച്ചടക്കം | ഡിസിപ്ലിൻ കൺവീനർ |
| 11 | ആരോഗ്യം | ഹെൽത്ത് ക്ലബ് കൺവീനർ |
| 12 | പരീക്ഷ | പരീക്ഷാ കൺവീനർ |
| 13. | വിദ്യാരംഗം | വിദ്യാരംഗം കൺവീനർ |
| 13. | ഗാന്ധിദർശൻ | ഗാന്ധിദർശൻ കൺവീനർ |
| 14. | കലോത്സവം | കലോത്സവം കൺവീനർ |
| 15. | ജൂനിയർ റെഡ് ക്രോസ് | ജൂനിയർ റെഡ് ക്രോസ് കൺവീനർ |
| 16. | സ്കൗട്ട് ആൻഡ് ഗൈഡ്സ് | സ്കൗട്ട് ആൻഡ് ഗൈഡ്സ് കൺവീനർ |
| 17. | ചാരിറ്റി പ്രവർത്തനം (സേവ) | ചാരിറ്റി പ്രവർത്തനം കൺവീനർ |
| 18. | ശാസ്ത്ര,ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവർത്തിപരിചയ, ഐ.ടി ക്ലബുകൾ | ക്ലബ് സെക്രട്ടറിമാർ |
| 19. | വിവിധ വിഷയങ്ങൾ | വിവിധ വിഷയങ്ങളുടെ കൺവീനർമാർ |
| 20. | സ്കൂൾ വാഹനം | സ്കൂൾ വാഹന കൺവീനർ |
| 21. | പൂർവ്വ വിദ്യാർത്ഥിസംഗമം | അലുമിനി അസോസിയേഷൻ കൺവീനർ |

# ഉപസംഹാരം

വിദ്യാഭ്യാസം പ്രകൃതി സൗഹൃദവും മാനുഷിക മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതുമാകണം. മാനവികതയുടെ മൂല്യങ്ങളും ശ്രേഷ്ഠതയും തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടേണ്ടതാണ്. മാനുഷിക മൂല്യങ്ങൾ പാകമാകാത്ത മനസ്സുകളിലേക്ക് തീർത്ഥ ജലം പോലെ ഉറഞ്ഞൊഴുകുന്നത് വിദ്യാലയത്തിൽ നിന്നാകണം.

ഡി.എച്ച്.ഒ.എച്ച്.എസ്.എസ് പൂക്കരത്തറ സ്കൂൾ ശിഷ്യ സമ്പത്തിന്റെ കൂമ്പാരമാണ്. ഇനിയും മികച്ചതും കുറ്റമറ്റതുമായ വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് ലഭ്യമാകണം എന്ന കാഴ്ചപ്പാടിലാണ് ഈ ഒരുക്കങ്ങൾ നടത്തുന്നത്.

ആധുനിക സാങ്കേതിക വിദ്യകളും ശാസ്ത്രീയമായ പരീക്ഷണ നിരീക്ഷണങ്ങളും സർഗ്ഗാത്മകതയുടെ വളർച്ചകളും നമ്മുടെ കുട്ടികൾക്ക് ലഭിക്കണം. നാളെ എല്ലാ മേഖലകളിലും അവരുടെ കയ്യൊപ്പ് ചാർത്തപ്പെടണം. ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുള്ള തിടുക്കത്തിലാണ് ഞങ്ങൾ. അതിന്റെ ചവിട്ടുപടിയായിട്ടുള്ള സ്കൂളിന്റെ മാസ്റ്റർ പ്ലാൻ ഏറെ വിശ്വാസത്തോടെ സമർപ്പിക്കുന്നു.

